ഭീമരോഷേണചവിട്ടിനിന്നുംകൊണ്ടു
മുന്നമവൻചെയ്തപരാധമോർത്തതി-
ന്നൊന്നിനൊന്നാങ്ങടിക്കേണമെന്നോത്തവൻ
കാലനാചൊല്ലിയോരോന്നങ്ങടിക്കയും
ഘോരഘോരംസിംഹനാദംചൊഴിക്കയും
നീയല്ലയോഞാൻകിടുത്തിലിട്ടട-
ച്ചാരുമറിയാതെതീകൊളുത്തിച്ചതും
നീയല്ലയോഗംഗയിൽകെട്ടിയിട്ടതും
നീയല്ലയോപാമ്പിനാൽകടിപ്പിച്ചതും
നീയല്ലയോവിഷച്ചോറശിപ്പിച്ചതും
നീയല്ലയോഭഗവാനെനിന്ദിച്ചതും
നീയല്ലയോകുമാരംവധിപ്പിച്ചതും
നീയല്ലയോദ്രൌപതിയെപ്പിടിപ്പിച്ച
നീയല്ലയോസഭായാമിഴപ്പിച്ചതും
കാരോന്നിവണ്ണംപറകയുംതപ്പ്യുയും
ചോരപ്രവാഹംതടഞ്ഞുകുടിക്കയും
കണ്ടുബലഭദ്രനാദ്യംസഹിയാഞ്ഞു
കണ്ണനയെനോക്കിമുസലവുംകൈക്കൊണ്ടു
ഭക്ഷണസ്സംഹരിപ്പാൻപറ്റുമോവീര-
ഭദ്രൻമഹാരോഷമോടടക്കംപോലെ
കണ്ടുവൈകുണ്ഠൻജഗന്മയനീശ്വരൻ
കണ്ടകാരാതികാരുണ്യജലനിധി-
മണ്ടിച്ചെന്നഗ്രജാഗ്രേപുക്കുവേഗേന
പൂണ്ടുമുറുകെഴുകിസ്സാഗൽഗദം

Digitized By Kerala Sahitya Akademi

സാന്ത്വനവാക്യങ്ങൾചൊല്ലീടിനാനിന്ന
ശാന്തിയെത്തന്നെഭിക്ഷിക്കേണമഗ്രജൻ
ബന്ധുക്കളായനാമൊന്നിനുംകൂടാതെ-
തെന്തിത്രകോപമിപ്പോഴുണ്ടതോന്നുവാൻ
യുദ്ധത്തിനായിവർകൊട്ടിട്ടതിൽപിന്നെ
യഗ്രജനാണെഞ്ഞാനായുധംതൊട്ടില്ല
ദുര്യോധനനിയോഗംകൊണ്ടുപാത്തന്ന
സാരഥിയായ്ത്തേർതെളിച്ചതിന്നെന്തഹോ
നാരായണഗിരംകേട്ടുമുസലിയും
പാരംപരിഭവംപൂണ്ടതുംചെയ്തിതു
കൊല്ലുമാറുണ്ടുശത്രുക്കളെയേവരും
തല്ലുമാറില്ലുമാവുന്നുനിന്നിങ്ങനെ
ഇല്ലയിടക്കടകംഗദായുദ്ധത്തിൽ
വല്ലചതിയല്ലോമാരുതിചെയ്തതും
ഒന്നിതല്ലോചതിഅഗ്രജൻകണ്ടതു
നന്നറംമെന്നാൽദുര്യോധനാദികൾ
കൊല്ലുമെന്നല്ലതൊരിക്കുമപ്പുറം
ദുർന്നിതികൾപാണ്ഡവന്മാരോടുചെയ്തില്ലവർ
നമ്മുടെബന്ധുക്കളോടുവിരോധിച്ച
മിന്നുകോപിപ്പതുനമ്മാകയുമില്ല
നമ്മുടെതാതന്റെസോദരികുന്തിതൻ
നന്ദനന്മാരിവരെന്നറിഞ്ഞില്ലയോ
അത്രയുമല്ലസുഭദ്രയെയേട്ടതു-
മർജ്ജുനനായമഹാരഥനല്ലയോ
ദ്രോഹകനല്ലോട്ടുമേവൈകാതെഴുന്നള്ളി
കാര്യങ്ങളെല്ലാംകരുതിക്കിടുവാൻ

Digitized By Kerala Sahitya Akademi

ദുര്യോധനവധം



നാരായണഗിരംകേട്ടമുസലിനും
പാരംപരിഭവംപൂണ്ടുരചെയ്തിതു
"കൊല്ലുമാറുണ്ടുശത്രുക്കളെയെവരും
തല്ലുമാറില്ലുമാത്തുനിന്നിങ്ങനെ"

P. 392

Digitized By Kerala Sahitya Akademi

കാഞ്ചനരഥത്തിന്റെ രശ്മികളിങ്ങനെ
യാഞ്ജനാംശ്രീബാലഭദ്രനംകേട്ടുടൻ
ഉണ്ണിപ്പുതുക്കണ്ണുരുട്ടിയബ്ഭീമനെ-
സ്സന്തപ്തനാക്കിപ്പുരത്തിന്നൊഴുന്നള്ളി
ദാരകപുത്രനർജ്ജുനനിതന്നൊടും
സൈന്ധവൻസുഖിച്ചുവെന്നുബലദേവനും
ഭീമസേനൻനിജകാഞ്ചനരഥം സാധിച്ചു
ഭീമപരാക്രമിചൊല്ലിനാനിങ്ങനെ
ആര്യജ! ബാധയെയാഴിഞ്ഞിനിവാസവ
പ്രസ്ഥത്തിലിന്നുതൊട്ടപ്പോലെവാണിടുക
പിന്നെഞ്ജയഭേരിയുമടിപ്പിച്ചുടൻ
തന്നുടെതന്നുടെശംഖുംമുഴക്കിച്ചു
കൈവിലപുക്കുമുകുന്ദനോടുംകൂടെ
കാലാത്മജനാംയുധിഷ്ഠിരൻതന്നൊടും
ഖില്ലാപരിവാഹനങ്ങളിൽനിന്നുടൻ
മെല്ലെയിറങ്ങിണങ്ങീമുകുന്ദനെ
തേരിൽനിന്നഞ്ജുനൻമുമ്പേയിറങ്ങിനാൻ
പാരാതെപശ്ചാലിറങ്ങിഗോവിന്ദനും
വാരിജനേത്രനിറങ്ങിയതാരത്തു
തേരുചെരിഞ്ഞുടൻഭസ്മമായ്വന്നിതു
ധർമ്മാത്മജനതുകണ്ടുഭയപ്പെട്ടു
ചിന്തയനോടറിയിച്ചാനിതെന്തയ്യോ!
പൊന്നയമായരഥംവെന്തുപോയതു
നന്നയോതിന്നയോരാരാണ്ടനന്ദന!ഹരേ!
ഖിന്നനായ്കേട്ടുതാതചൊല്ലാമോരുരൻ

Digitized By Kerala Sahitya Akademi

എന്നാലതിനുടെകാരണംകേൾക്കനീ
ദ്രോണാത്മജാസ്സ്വാഗതികൊണ്ടുരഥമിതു
ന്യൂനമന്നേതന്നെഭസ്മമായെങ്കിലും
ഞാനുംമടിയയായംയോഗശക്ത്യാകാരുത
വാണ്നൻവിജയവിജയാത്മമീദൃശം
ഇപ്പോളിതിൽനിന്നുതാഴത്തിറങ്ങിഞാ-
നപ്പോൾദഹിച്ചുരഥമെന്നറികനീ
എന്നതുകേട്ടതെളിഞ്ഞുധർമ്മാത്മജൻ
നന്നായ്വണങ്ങിസ്തുതിച്ചുതുടങ്ങിനാൻ
നാരായണ!ഹരേ!നാരായണ!ഹരേ
നാരായണ!ഹരേ! നാരായണ!ഹരേ

ദ്രോണപർവ്വം സമാപ്തം.

Digitized By Kerala Sahitya Akademi

൧൧. സഭാപ്രവേശം.

പറയൻതുള്ളൽ.

നമസ്തേവിഘ്നരാജാവേ!നമസ്തേവിശ്രുതാത്മാവേ
നമസ്തേവിശ്വധാതാവേ!നമസ്തേവൈരിജേതാവേ!
നമസ്തേപാവ്വതീനാഥ!നമസ്തേജാനകീനാഥ!
നമസ്തേഭാരതീനാഥനമസ്തേഭാഗ്ഗവീനാഥ!
നരലോകോത്തമൻധാത്രീസുരലോകാധിപനെന്റെ
ഗുരുനാഥൻഗുണാംബോധികരുണാശീതളസ്വാന്തൻ
പരിചാടെൻമനക്കാമ്പിൽപരിശോഭിച്ചരുളേണം
പരമാനന്ദമൂർത്തേ!തേപദപത്മമവണങ്ങുന്നേൻ
കുറവില്ലാത്തൊരുകിള്ളിക്കുറിശ്ശിശ്രീമഠാധിപൻ
കുറവെന്യേമനോരങ്ങ്ഗേനിറമോടേവിളങ്ങേണം
അറിഞ്ഞൊരുകഥാഭാഗംകുറഞ്ഞൊന്നിസ്സഭതന്നിൽ
പറഞ്ഞുപോരുവാനായ്ഞാനുറച്ചുവന്നിഹകേറി
നിറഞ്ഞുള്ളന്തണന്മാർവന്നിരിക്കുന്നസമക്ഷത്തു
പറഞ്ഞുകൊഠികയുംപാരംവിഷമമെന്നതേവേണ്ടു
പറയൻറെകുലംതന്നിൽപിറന്നുള്ളൊരടിയങ്ങൾ
പായുന്നപരമാത്മമറിയുന്നജനാംതുമ്മം
പായിപെറുമ്മുവായ്ചാക്കനാരെന്നുപുകഴ്ന്നൊരു
പറയപ്രൌഢനെക്കേട്ടാലറിയാതാരുമില്ലിപ്പോൾ;
മറകൊണ്ടാട്ടിലുമുള്ളമതമെല്ലാമവന്നുള്ളിൽ
മറക്കുടാതിയലുന്നു,മറവിയുംതരുമ്പില്ല

Digitized By Kerala Sahitya Akademi

കുറുപ്പത്തിലൊരുമാർഗ്ഗമുറപ്പില്ലുമാക്കാമ്പിൽ
ചൊറുപ്പത്തിൽപരിചുതുറിരപ്പോടേപറഞ്ഞീടാം
അറപ്പുവിട്ടടിയങ്ങളുറിയിക്കുന്നതുകേട്ടാൽ
ചെറുപ്പക്കാക്കൊരുപന്തിപൊറുപ്പുണ്ടാസ്യവരുമെന്നാൽ
കുറുത്തഭാവവുംപൂണ്ടുമുരുത്തുവന്നുടൻനമ്മെ
പുറത്തുമാറുവാൻചാടിപ്പുറപ്പെട്ടെങ്കിലുംഞങ്ങൾ
തിന്മുംമാറുകയില്ലെന്നറിഞ്ഞുകൊൾകെടോമുറും
താംപോലെപ്രയോഗിപ്പാനൊരുമ്പെട്ടപുറപ്പെട്ട
കരിമ്പുവില്ലനെച്ചുട്ടകരിച്ചോരീശ്വരൻനല്ലോ-
രിരിമ്പുങ്കുട്ടപോലുള്ളിലുറച്ചവാണരുളുന്ന,
പരംപൂർണ്ണംപരബ്രഹ്മസ്വരൂപം,പാവനാകാരം
ചിരംപാലിച്ചരുളേണംചിന്മയാത്മൻ!നമസ്കാരം
തിരുവനന്തപുരംവിളങ്ങിനപദ്മനാഭനേമോസ്തുതേ
തരുണജലധരനികരംതുലിതകളേബരായനമോസ്തുതേ
അരുണപങ്കജകോമളായതലോചനായനമോസ്തുതേ
ചരണസരസിജയുഗളനിപതിതനിഖിലദേവനമോസ്തുതേ
ഉന്നതോരുകിരീടകുണ്ഡലമണ്ഡനായനമോസ്തുതേ
ഉരഗവരമയശയന!ജയജയനളിനനാഭ!നമോസ്തുതേ
ഇന്ദിരാമണിരുന്ദിരാമലസുന്ദരാങ്ഗനമോസ്തുതേ
ഇരവുപകലഥമജിതതവതനുചിന്തയാമിനമോസ്തുതേ
വഞ്ചിരാജകുലോത്തമൻകുലശേഖരപ്പെരുമാളഹാ
വടിവിലടിയനവിനകളൊഴിവതിനാശ്രയംപരമാശ്രയം
സഞ്ചിതാഖിലധർമ്മകർമ്മസുനിർമ്മലാത്ഭുതപൌരുഷൻ
സകലരിപുകുലശലഭഹേതനമഹാനുഭാവസുപുരുഷൻ
വിക്രമാതിശയങ്ങൾകൊണ്ടരിന്ദമപതിരാജ്യശേഷമേ

Digitized By Kerala Sahitya Akademi

ആക്രമിച്ചുടനാകവേപരിപാലനേനമഹോത്സവം
ശക്രഃപാകസമാനമാക്കിവരുത്തിപാണരുളീടിനാൻ,
അക്കുതുല്യുളജപ്രതാപവാൻശ്രേഷ്ഠഗുണനിധിപാത്രമാം
പാക്കനാരുടെവംശലേശമതില്പിറന്നവനേഷഞാൻ
വാക്കിനാരൊട്ടുമെത്തിടാനത്രമടങ്ങിമാറുകയില്ലൊടോ
തീക്കനൽക്കുമടക്കമില്ലവനങ്ങൾഭസ്മമതാക്കുവാൻ
നീക്കമില്ലറിവുള്ളകവിപ്രബന്ധമതോതുവാൻ
മറുവശത്തുവരുന്നവനേറമനസ്സിലുള്ളൊരുതള്ളലും
മറിവുമവരുടെനെറിവുമൊരുവിധമറിവുമൊരുവകയ
പറയനോടുഫലിക്കയില്ലിതുപറകയല്ലറിയാമുടൻ (ള്ളലും
കുറവുവരുവതിനെന്തുസംഗതിഗുരുജനങ്ങളിരിക്കവെ
സല്കവിപ്രവരൻചമച്ചകവിപ്രബന്ധനിബന്ധനം
തസ്കരിച്ചുവലിച്ചുകെട്ടിയകഷ്ടിപിഷ്ടികവിത്തരം
ദുഷ്ടുവിക്കൊരുനാണമില്ലുതുചൊല്ലുവാനിഹവല്ലുതും
ശുഷ്കബുദ്ധികളെന്തറിഞ്ഞുപറഞ്ഞതൊക്കെവൃഥാഫലം
മധുരമാകിനപഞ്ചതാരയിൽവേപ്പിലപ്പൊടികൂട്ടിയാൽ
വിധുരമായ്വരുമാരുമങ്ങുഭുജിക്കയില്ലുതുനിശ്ചയം
കൈതകുമൊഴിമുല്ലമാലതിമാലതന്നിലിടെയ്കിടെ
കുവളക്കുസുമങ്ങൾചേർത്തുകണക്കിനോകവികെട്ടിയാൽ
നല്ലപരിമളമുള്ളതൊക്കെമറിച്ചുദുഷ്ടമതായ്വരും
തെല്ലുസംശയമില്ലുദുഷ്ടവിവാക്കുകൾക്കരുതാരുമേ
സജ്ജനത്തിനുസഃസ്തുതകവികൗതുകമെങ്കിലും
ദുർജ്ജനത്തിനതിങ്കലൊരുരസമേശുകില്ലിതുകാരണം
ഭടജനങ്ങടെസഭയിലുള്ളൊരുപടയണിക്കിഹചരുവാൻ
വടിവിയന്നൊരുചാതുകേരളഭാഷതന്നെമതംവരു

Digitized By Kerala Sahitya Akademi

കട്ടപടെപ്പട്ടകഠിനസംസ്കൃതവികടകടുകവികേറിയാൽ
ഭടജനങ്ങൾധരിക്കയില്ലതിരക്കുമൊക്കയുമേറുടൻ
ഭാഷയേറിവരുന്നാനല്ലമണിപ്രവാളമതെങ്കിലോ
ദൂഷണംവരുവാനുമില്ലവിശേഷഭൂഷണമായ്വരും
വേഷസങ്ഗതിയോടുചൊന്നൊരുഭാഷവേണമതെങ്കിലോ
ശേഷമുള്ളജനത്തിനുംപരിതോഷമെന്നുവരുദ്ധ്രുവം
ഘോരമാകിനദുരിതജലധികടന്നുമറുകരപറുവാൻ
ഭാരതംകഥാസാരമെന്നുധരിച്ചകൊൾകമഹാജനം
വീരനായസുയോധനൻറെസഭാപ്രവേശവിഡംബനം
കാരണേനഭവിച്ചവാത്തുചുരുക്കിഞാനിഹചൊല്ലുവൻ
മാത്തൂരംബികേനിന്നെയ്പാർത്തുഞാൻവണങ്ങുന്നേൻ
ആർത്തികളൊഴിച്ചെന്നെക്കാത്തീടേണമേദേവി
ക്ഷോണീമണ്ഡലംതന്നിലൊക്കവേപുകഴ്ന്നൊരു
ക്ഷോണിവാനവൻവീരൻദ്രോണനല്ലിയാചാര്യൻ
ക്ഷീണമെന്നിയകാത്തീടണമിപ്പരിഷയ്ക്കു
പ്രാണപഞ്ചകത്തിൻറെത്രാണത്തിനുനക്കുലൻ
ആചാര്യോത്തമൻബാലരവിയെന്നുപുകഴ്ന്നൊരു
ശ്രീചാരുസപത്രുപൻറെചരണാംഭോരുഹംരണ്ടും
ആത്മാരോചിതംക്ലുപ്തിക്കവിചൊൽവാൻതുടങ്ങുന്നേൻ
വാചാവർണ്ണനംചെയ്വാൻവശമില്ലെങ്കിലുമെൻറെ
ദേശികേശ്വരൻതൻറെദയകൊണ്ടുകുറഞ്ഞൊന്നു
ക്ലേശിച്ചാലൊരുമാഗ്ഗംവരുമെന്നാഗ്രഹംമൂലം
കേവലപ്രിയന്മാരാംബാണ്ഡവന്മാരുടെവൃത്തം
കേവലമൊരുഭാഗംകഥിക്കുന്നുബുധന്മാരേ!
സോമവംശാംബുധിചന്ദ്രൻധർമ്മരാജൻമഹാരാജൻ

Digitized By Kerala Sahitya Akademi

ഭീമസേനാർജ്ജുനന്മാരും ശുചിനയാനുജന്മാരും
കാമിനിമാർമണിപാഞ്ചാലിയും, പിന്നെസുഭദ്രയും
ശ്രീമതിയാകിനാകുന്തിദേവിയുംതൽസഖിമാരും
വാസവപ്രസ്ഥമെന്നുള്ളവാസഗേഹേവഴിപോലെ
വാസസൗഖ്യോദയത്താടെരമിച്ചുമേവിനകാലം
വാസവന്റെപുത്രനായോരജ്ജുനൻവാണിരിക്കുന്ന
വാസഗേഹേവന്നുപ്പിമയനാംദാനവശ്രേഷ്ഠൻ
സാഗതംദാനവാശാരിപ്പുണിക്കൻനമ്മുടെമുമ്പിൽ
ആഗമിച്ചീടുവാനുള്ളകാരണംകൈശലക്കാരാ!
വേഗമോടിങ്ങൊരിന്നെക്കണ്ടുകൊൾവാനെനിക്കിപ്പോൾ
യോഗമുണ്ടായതുമെന്റെഭാഗ്യധേയോദയംതന്നെ
ഇപ്രകാരംഫൽഗുനന്റെവാക്കുകേട്ടുപ്രസാദിച്ചു
ശില്പിവീരൻമയൻമെല്ലെച്ചൊല്ലിനാനാദരവോടെ
അപ്രമേയപ്രഭാവശ്രീമദ്വീര!സുദർശകാര!
തൽപ്രസാദംകൊണ്ടുജീവിച്ചീടിനേനോഷഞാൻപാർ!
പാണ്ഡവംകാനനംപോടേപുട്ടിച്ചില്ലയോമുന്നം
പാണ്ഡവാഫൽഗുന!നീയുംപങ്കജാക്ഷൻഭഗവാനും
ഗാണ്ഡിവംചാപവുംതേരുംലഭിച്ചുനീവാസവന്റെ
താണ്ഡവാഡംബരാടോപംശമിപ്പിച്ചില്ലയോവീര?
ചക്രവുംകൊണ്ടുടൻനാഭൻകൊല്ലുവാനായണഞ്ഞാശു
ചക്രപാണിഭഗവാന്റെതൃക്കഴൽക്കുവണങ്ങിത്തൽ
പ്രക്രമത്തെശമിപ്പിച്ചുതൽക്കനിമുമ്പുവാക്കി
ശിഷ്ടമൊക്കാത്തുരക്ഷിച്ചില്ലയോനീമഹാത്മാവേ!
അന്നുചെയ്തോരുപകാരത്തിന്നുഞാൻപ്രത്യുപകാരം
എന്നുചെയ്വാൻമതിയാമെന്നുള്ളഭാവംനാമുക്കില്ല

Digitized By Kerala Sahitya Akademi

ആനവിറുവണമുണ്ടാക്കുന്നവരെത്തെളിയിപ്പാൻ
ചേനവിറുപൊരുക്കുന്നചങ്ങാതിമതിയാമോ
പൊന്നുവാരിക്കൊടുക്കുന്നാധാരികന്മാരെക്കാത്തുകാക്ക-
പ്പൊന്നുമാത്രംകാഴ്ചവച്ചുപ്രസാദത്തെവരുത്താമോ
പ്രാണദാനംചെയ്തവന്നുപകാരമൊന്നുപകാരം
വേണമെന്നുനിരൂപിച്ചാലിങ്ങുസാധിക്കുമോപാർത്ഥ
കാണമൊന്നുംകൊതിച്ചിട്ടില്ലുത്തമന്മാരഹോദീന-
ത്രാണമെന്നുള്ളുധർമ്മത്തെത്തരാതാറിഞ്ഞാചരിക്കുന്നു
ഇക്കിതിമണ്ഡലമേവുന്നാരുവേഴാമ്പലെന്നുള്ള
പക്ഷികൾക്കുവഴിപോലെമാരികോരിച്ചൊരിഞ്ഞാൽത്തു
കക്കിപുഴുങ്ങിവരുത്തീടുന്നില്ലയോവാർവാഹങ്ങൾ
രക്ഷചെയ്യുകനന്നായിൻറെലക്ഷണമെങ്ങനെയുള്ളു
സജ്ജനങ്ങൾക്കുപകാരമൊന്നുചെയ്വാൻനിരൂപിച്ചാ-
ലിജ്ജനങ്ങൾക്കതുസാധിച്ചിടുവാൻശക്തിയില്ലല്ലൊ
ദുർജ്ജനങ്ങൾക്കുപകാരംചെയ്താലൊരുമാർഗ്ഗം
അജ്ജനാ!കേൾഭവാനല്ലാമറിഞ്ഞൊരുദേഹമല്ലൊ
വാമ്പിനുവാൽകൊടുത്തോനൊപ്പാഞ്ഞുവന്നുകടിച്ചിടും
ചേമ്പിനുനെയ്യൊഴിച്ചുകിൽചോറിഞ്ഞുചുട്ടുവാൻമേലാ
ഇഷ്ടമൊടിക്കുനിന്നുചോറിട്ടകൈക്കുകടിക്കുന്നു
പട്ടികൾക്കുകൊടുക്കുന്നയെഷ്ടികൾക്കുനമസ്കാരം
ചട്ടിലാക്കിപ്പുലരാളുംപട്ടിണിയായ്ക്കിടക്കുന്നു
കാട്ടുപുള്ളിക്കുടവായെപ്പാട്ടിലാക്കാനിരകൊണ്ടു
നീട്ടിയൊരുകയ്യുകേറികടിക്കുമെങ്ങനെയുള്ള
ചട്ടമൊന്നുമൊരുനാളുംവിശ്വസിപ്പാൻപാത്രമല്ല
കാട്ടിലുള്ളകുടവായെക്കാട്ടിലാറാംശൂലന്മാർ

Digitized By Kerala Sahitya Akademi

നാട്ടിലുള്ളനരന്മാരുംനാലുമൂന്നല്ലൊരുലക്ഷം
വീട്ടിലുള്ളമൃതലെല്ലാംവിറുതിന്നകടംകൊണ്ടു
വീട്ടുവാരുംവകയില്ലാഞ്ഞൊളിച്ചുകാനനംപുക്കു
വാട്ടമറുപുറപ്പെട്ടുരാത്രിയിൽമെല്ലവേചെന്നു
നാട്ടുകുത്തുറാടനോരോരാജഭണ്ഡാരവുംമറും
കട്ടുകൊണ്ടുതിരിക്കുന്നകണ്ടറിഞ്ഞുജനത്തോടു
വെട്ടുകൊണ്ടുമരിക്കുന്നുതസ്കരന്മാർക്കുന്യവസ്ഥ
കണ്ടുനില്ക്കുന്നവൻതാനുകള്ളനായിപ്പുറപ്പെട്ടു
കണ്ടടിക്കിൽചെന്നുകപ്പാനായവന്നുഭയമില്ല
കണ്ടകന്മാക്കൊരുനാണംകണ്ടികണ്ടാൻപോലുമില്ല
കണ്ടുകൊൾകജ്ഞനുകാലത്തിൻറയോരോവിശേഷങ്ങൾ
കണ്ടാലുമറിയാത്തകള്ളന്മാർതല്ലുകിട്ടു
കൊണ്ടാലുമറികയില്ലുണ്ടാകുമബദ്ധങ്ങൾ
രക്ഷിപ്പാനധികാരിയായുള്ളയജമാനൻ
ഭക്ഷിപ്പാൻപുറപ്പെട്ടാലക്കാലംപ്രജകൾക്കു
ഉമ്മാനുമുപ്പാനുംതേപ്പാനുംവകയില്ലാ-
ഞ്ഞെങ്ങാനുംപുറപ്പെട്ടുപാടുപ്പാൻകെൽപുള്ളൂ
വന്നുകുഴിവന്മാർകൊണ്ടുങ്ങുകൃഷിചെയ്യും
കുണ്ടുങ്ങൾപ്രഭുക്കന്മാർകണ്ടുഴുതിക്കൊണ്ടാൽ
ഉണ്ടുങ്ങുപാരുക്കുന്നോരുണ്ടുമാവിചാരിച്ചു
കുണ്ടാലുംകുരുക്കാൻകുശവേണ്ടുവോളംതാഴിലല്ലൊ
കുണ്ണനും പരുനിയുംകായ്കുമവർചെന്നു
കുണ്ണത്തിലുപദേശംചെയ്തുവിധമെല്ലാം
വണ്ണിച്ചുവസിക്കുന്നുവൈരിയാംസുയോധനൻ
കുണ്ണില്ലായ്കുന്നുകുന്നുകായ്കുക്ലേശവുമില്ല

Digitized By Kerala Sahitya Akademi

ഉണ്ണികൾപറയുന്നതൊക്കെയുംപരമാർത്ഥം
ഉണ്ണാറില്ലാപിതാവെന്നുപറഞ്ഞങ്കിലതുംകേൾക്കും;
തൊണ്ണൂറുമൊരുപത്തുംമക്കൾക്കുമനക്കാമ്പിൽ
തോന്നുന്നതൊഴിലെല്ലാംതോറ്റുനാക്കുമനുവാദം
കണ്ണംപിടിക്കുമില്ലാത്തകിഴവച്ചാരുടെവായിൽ
മണ്ണുചേക്കുമീക്കുട്ടനെന്നാരമ്മുടെപക്ഷം
പിണ്ണാങ്കൾപോലെയുണ്ടാകുമ്പോളവയ്ക്കെല്ലാം
പെണ്ണാങ്കളഞ്ഞുമെട്ടംപ്രത്യേകമുണ്ടുപോലും
പോണ്ണൻറെകളത്രമേതുരാജൻറെകളത്രമേ-
തെന്നുള്ളവിരോധങ്ങൾകൊവിടെകാൺകയില്ലിപ്പോൾ
പിണ്ണാക്കുമുടപ്പാനുമുൻമാനുമവയ്ക്കില്ലാ-
മെന്നോക്കുംമുടങ്ങാതെചെലവിട്ടുമുടിക്കുന്ന
പൊണ്ണന്മാരുടെനാടുംനഗരവുംനശിക്കുമി..
വണ്ണംധരിസനംചെയ്താലെന്നുബോധമില്ലാക്കും
നാടുവാഴികളെണ്ണമേറുമ്പോളവർതൻറെ
നാടുപാഴിലാക്കിടുമന്ന്യോന്ന്യംകലഹിക്കും
ഞാനത്രെയജമാനൻഞാനത്രെയജമാനൻ
താനത്രഞെളിയാതങ്ങടങ്ങിപ്പാത്തുകൊണ്ടാലും
ചേട്ടനേക്കാൾനമുക്കത്രശ്രേഷ്ഠഭാവമെന്നൊരുത്തൻ
ചേട്ടകൾക്കുഗുരുതമെന്നുള്ളതിനാറുവക്കില്ലാ
നൂറുകുഞ്ഞുങ്ങളെത്തീറിവച്ചുതോരാറ്റുനെപ്പോലും
കൂറുതെല്ലുമവക്കില്ലാകുറമുണ്ടാക്കുകയുള്ളൂ
ചോറുകാലത്തുകിട്ടാഞ്ഞാലാറ്റുനോടമ്മയോടും
ചീറുമെന്നല്ലപരാധംനൂറുകുട്ടമുള്ളവാക്കും
ഒരക്ഷരജ്ഞാനവുമില്ലായുധാഭ്യാസവുമില്ലാ

Digitized By Kerala Sahitya Akademi

രക്ഷശിക്ഷാദികളില്ലാരാജ്യസംസാരവുമില്ല
വീര്യമില്ലാവിദ്യയില്ലാകാര്യമില്ലാബോധമില്ലാ
ഭക്തിയില്ലാശൌര്യമില്ലാശക്തിയില്ലാധൈര്യമില്ലാ
ധർമ്മമില്ലാസത്യമില്ലാസാരമില്ലാകൃത്യമില്ലാ
കീർത്തിയില്ലാതപമില്ലാതാഴ്ചയില്ലാസത്യമില്ലാ
സാരമില്ലാനേരുമില്ലാനെറിയില്ലാചേരുകില്ലാ
പേരുകേട്ടാലതുംപാരംകഷ്ടമെന്നേപറയാവൂ
ദുർമ്മുഖൻ,ദുഷ്പണൻ,ദുശ്ശാസനൻ;ദുശ്ശലൻപിന്നെ
ദുർമ്മദൻ,ദുർദ്ധനൻ,ദുർമ്മർഷണൻ,ദുർവ്വിഷഹനൻതാനും
ദുർമ്മതി,ദുഷ്കൃതി,ദുർമ്മേധാവഹാ,നല്ലദുർബുദ്ധി
ദുർശ്ശാസനൻ,ദുർഭഗൻ,ദുര്യോധനൻതന്നെസോദരന്മാർ
ദുശ്ശളഎന്നൊരുപെണ്ണുണ്ടിവക്കുപെങ്ങളായിട്ട്
വിശ്വസിപ്പാനൊരമ്മാമൻതാനുമുണ്ടുമഹാപാപി
അശ്രുകനികൃതിക്ക് നല്ലപാത്രമജ്ഞാനത്തെ
ദുശ്ശകുനമെന്നുപാലെല്ലാരുവേസന്ത്യജിക്കേണം
എന്തിനിത്രപറഞ്ഞതുമാനവനെന്തുസംഗതിഎന്നുമീ
ചിന്തിയാത്തവനല്ലനിങ്ങടെബന്ധുഞാനുസുമൻമയൻ
കുന്തിതന്നുടെമക്കളിൽകനിവുണ്ടെന്നിക്കതുകാരണം-
ലന്തികേതവവന്നവൈരികളേദുഷിക്കയുമല്ലെടോ
മന്ത്രിമന്ദിരവാസിയായസുയോധനാദികളോടഹോ
സന്ധിചെന്നുവസിപ്പതിന്നുകൊതിക്കുവേണ്ടധനഞ്ജയാ!
മന്ത്രിരഥതുരഗാദിപടയുടെവടിവുകൂട്ടിവസിക്കണം
ബന്ധമെന്നിയെരുഡിതിചതിപടക്കൂട്ടമരികഠംധരിക്കണീ
കോട്ട,വാട,കിടങ്ങു,കൊത്തളമിത്തരങ്ങളുറപ്പണം
കോട്ടമതുതൊട്ടടിക്കിലുംകരുതീട്ടുതന്നെവസിക്കണം

Digitized By Kerala Sahitya Akademi

ധാത്തരാഷ്ട്രനസൂയകൊണ്ടൊരു പൊറുതിയില്ലൊരുനേര
(വ്യം)
ധാത്രിയൊക്കെയടക്കിവാഴ്വതിനെത്രതന്നെയിരാഗ്രഹം
ആത്രനിങ്ങടെരാജധാനിവിഭ്രതികൊൾക്കനിമിത്തമാ-
യെത്രതന്നെയസൂയനിങ്ങടെവൈരികൾക്കധനഞ്ജയാ!
വത്തമാനമതറിവതിന്നതിഗൂഢചാരജനങ്ങളെ
താത്രയാക്കിവിടുന്നുപല കുറിലകുലോത്തമനാമവൻ
ശത്രുഭടജനമത്രവരുമവരെച്ചതിപ്പതിനിന്നുഞാൻ
ചിത്രതരമൊരുഭവനമുടനുള്ളവാക്കുവാനിഹവന്നതും
സപ്തരത്നസഭാപ്രവേശവിശേഷമാനിഹതീർത്തുഞാൻ
കൃഷ്ണവൈരിയതാംനിനക്കുതരുന്നതുണ്ടുകപിദ്ധ്വജാ!
കണ്ടുകൊൾക!രിപുക്കളിസ്സഭതന്നിൽവന്നുകരേറുകിൽ
ചെണ്ടകൊട്ടിമറിഞ്ഞുവീണിഹപല്ലുപോമതുനിശ്ചയം
കണ്ടിലമ്പൊടുവിണ്ടുരുണ്ടുവിരണ്ടുഴന്നരിപുക്കളെ-
ക്കണ്ടിരുന്നുചിരിപ്പതിന്നുതരംവരുത്തുവനേഷഞാൻ
ഇപ്രകാരംമയൻതന്റെമതംകേട്ടമഹാവീരൻ
വിപ്രവേഷപ്രിയൻപാർത്ഥൻവിസ്മയംപൂണ്ടരചെയ്തു:—
"തൽപ്രകാരംസഭതിർപ്പാൻഭാവമുണ്ട്നിനക്കെങ്കിൽ
മൽപ്രസാദംവഴിപോലെസംഭവിക്കുംമഹാത്മാവേ!
അഗ്രജന്റെമതിരുവുള്ളമറിഞ്ഞുഞാനുംചെയ്യാം
അത്രനേരമൊരുടിക്കിൽപാർത്തുകൊൾകമയാ!വീരാ!"
ഇത്രമാത്രമുരചെയ്തുധർമ്മജൻവാണിരിക്കുന്ന
പത്തനത്തിലകംപുക്കീവാണിക്കുപ്പിൽഗൃഹകശൻ
വത്തമാനമുണർത്തിച്ചുകല്പനയുമുള്ളവാക്കി,
വർദ്ധകിയവിളിച്ചുമുറംവാഞ്ഞുറൽഗ്രഹൻമെല്ലെ

Digitized By Kerala Sahitya Akademi

ശല്പിവീര! മയ! നിൻറെകൌശലത്തിന്നൊത്തപോലെ
ശില്പമായിട്ടൊരു ചാരുസഭാസ്ഥാനമുണ്ടാകുവാൻ
തൽപുരംതീർപ്പതിനുള്ളസാധനങ്ങൾവേണ്ടതെല്ലാ-
മല്പവുംതാമസിക്കാതെകൊപ്പുകൂട്ടിത്തരാമിപ്പോൾ
എന്നതുകേട്ടരചയ്യനാവശാരിയുംമോദാൽ
കന്നമിന്നവിശേഷിച്ചുകോപ്പുകൂട്ടേണ്ടതുമില്പാ
കല്പ്പവേണ്ടാമരംവേണ്ടാകല്ലളി പാച്ചിയുംവേണ്ടാ
നെല്പ്പവേണ്ടാപണംവണ്ടാതെല്പപോലുംവ്യയംവേണ്ടാ
രണ്ടുനാലുദിവസത്തഭക്ഷണംമാത്രമേവേണ്ടൂ
കണ്ടുകൊള്ളാമടിയൻറെകൌശലങ്ങളിന്നുതന്നെ
ആണ്ടർകോൻനാട്ടിലാശാരിപ്പണിക്കുവിശ്വകർമ്മാവെ-
ന്നാണ്ടൊരുകൌശലക്കാരൻനല്ലചിത്രപ്പണിക്കാരൻ
മുന്നമങ്ങൊരിപിടത്തിലിദിംപ്രസ്ഥമെന്നുള്ള
മറ്റിടത്തെന്നിപ്രകാരംമറ്റുമെന്നുപണിചെയ്തു
മന്നിലുംവിണ്ണിലുംപാത്താലിപ്പുരത്തിനെതിരാകും
മറ്റിടമാമന്നവക്കാക്കില്ലെന്നുലോകത്രയഖ്യാതം
ആങ്ങനെയുള്ളൊരുരാജധാനിതന്നിലടിയങ്ങൾ
എങ്ങനൊരുന്നുരാന്മാക്കുപള്ളിമാടംപണിയേണ്ടൂ
വാശ്ശതന്നാകിലുമൊന്നുതീർത്തുകാട്ടാൻകുറവില്ല
ഞൗശലരാരുഗ്രഹംപോലെസംഭവിക്കുമതേവേണ്ടൂ

സാദരമേവംപറഞ്ഞുമയൻഗ്രഹ-
വാടസരോജങ്ങളേറ്റുടനേ,
വേദിയന്നാരെവണങ്ങി,മുദാനാല
വേദങ്ങളേയുംനമസ്കരിച്ചു,
കോടാറിനയ്കിലടുത്തുകരല്പയാട്ടം

Digitized By Kerala Sahitya Akademi

പോടാതെതഞ്ചത്തിൽതാണുനിന്നു
വാടാതെകോടാലികൊണ്ടൊരുതാമസം
കൂടാതെവെട്ടിമഹീതലത്തിൽ;
തെല്ലുപിറകോട്ടുമാറിനിന്നു,പത്തു
കല്ലുജപിച്ചുഞെരിഞ്ഞുമൂവേ,
മെല്ലെന്നുഭൂമിപിളർന്നുപുറപ്പെട്ട
നല്ലൊരുപൊന്മണിമൌലികുംഭം
ഉത്തുങ്ഗഗോപുരശൃംങ്ഗങ്ങളുംനിന്നു
കത്തുന്നതീക്കനലെന്നപോലെ;
പത്തരമാറുള്ളതങ്കപ്രകാശത്തെ
കുത്തിക്കവന്നിറംകലരും
വത്തനപംങ്കേരുഹിനിറക്കെപ്പുറപ്പെട്ട
വത്തൂടിക്കൊക്കെപ്രകാശത്തോടെ;
മുത്തുംപവിഴംമരതകംമാണിക്യ
മൊത്തുവിളങ്ങുംമതിലുകളും;
അമരസ്ഥടികപ്രദേശങ്ങളും,പിന്നെ
സചമരങ്ങളാകുംതടാകങ്ങളും,
പച്ചക്കല്പോത്തനീലത്തൊഴുകുംനദീ
കമത്തിലുത്തമവൃക്ഷങ്ങളും,
ഉച്ചത്തിലുള്ളൊരെഴുനിലമാടങ്ങൾ,
രൊച്ചത്തിൽമാളികവീഥികളും,
മച്ചുംമറകളും,മാടപ്പുരകളും
മറ്റുംപലപലഗേഹങ്ങളും,
കൊട്ടിലും,കുട്ടിലും,രുക്കുട്ടിമെത്തകളും
തട്ടുംപതിനെട്ടുകെട്ടുകളും,

Digitized By Kerala Sahitya Akademi

പട്ടകൾകൊണ്ടുവിതാനങ്ങളുംമണി,
കോട്ടത്തളങ്ങൾപുറത്തളവും,
നാടകശാലകൾവാടകിടങ്ങുകൾ,
ചേടികചേടികൾ,വീടുകളും,
ഘോടകശാലകൾ,ഹാടകശാലകൾ
പാഠകശാലവിശേഷങ്ങളും
ഭൂട്ടങ്ങളുംമണിഘട്ടങ്ങളും,പല
ചട്ടങ്ങളിങ്ങിനെഭംഗിയോടെ
പെട്ടെന്നവന്നപ്രകാശിച്ചുവിസ്മയ-
മൊട്ടല്ലുപിട്ടല്ലിതൊന്നുമഹോ
വെള്ളപ്പുകപതിച്ചുള്ളതോടുകൾ
വെള്ളംനിറഞ്ഞുനിൽക്കുന്നോരം
ഉള്ളിലെസാമഗ്രതകൊണ്ടിപ്രദേശത്തു
വെള്ളമില്ലെന്നുഭ്രമിച്ചുപോകും,
വെള്ളമില്ലാത്തപ്രദേശങ്ങളിൽപിന്നെ
വെള്ളംവളരെയുണ്ടെന്നുതോന്നും,
ഉള്ളംഭ്രമിപ്പിപ്പാനുള്ളവിധംപുനാ-
രുള്ളതശേഷമവിടെക്കാണാം;
കള്ളംമനക്കാമ്പിലുള്ളജനത്തിന്റെ
തുള്ളലുംതുള്ളലുംനിൽത്തീടുവാൻ
കള്ളപ്രയോഗങ്ങളിങ്ങിനെനിർമ്മിച്ചു;
കള്ളനേകള്ളമറിഞ്ഞുള്ളൂ.
ദ്വാരമില്ലാത്തൊരുഭിത്തികളിൽപിന്നെ
ദ്വാരമുണ്ടെന്നുംഭ്രമിച്ചുപോകും
സാരമില്ലാത്തജനംപലവന്നാലിഹ

Digitized By Kerala Sahitya Akademi

പാരമുഴന്നവലഞ്ഞുപോകും
പിന്നെകതകുള്ളടിക്കിൽകതകുക..
ളില്ലെന്നുബോധിച്ചുമാറിപ്പോരും
അന്യത്രുവാതിലെന്നോത്തുചവിടത്തിൽ
ചെന്നുതലതല്ലിവാങ്ങിപ്പോരും
കുണ്ടുള്ളടിക്കുകഥകണ്ടറിയുന്നില്ലാ,
കുന്നുള്ളടിക്കുമവണ്ണംതന്നെ
പണ്ടുള്ളതൊക്കെമറിച്ചുകല്പിച്ചുത
കണ്ടുനടക്കേണമെല്ലാവരും
തണ്ടുതപ്പിത്തുരംകാട്ടുന്നപുട്ടത്തെ
കൊണ്ടുതുമകെടുത്തിടുമിപ്പാഠം.
കണ്ടകന്മാരെയുംകുശലന്മാരെയും
ചെണ്ടകൊട്ടിപ്പറഞിവണ്ണമാക്കി-
കണ്ടവക്കൊത്തുണംവന്നുകരേറുവാൻ
പണ്ടത്തപ്പോലെയെഴുതല്ലിപ്പാഠം
സ്ഥായിക്കാരന്മാരെച്ചുടാതൊരുത്തക്കും
കോയ്മകൽചെന്നുകരേറിക്കുടാ.
ഓതിക്കനംപൂരിപാരെങ്കിലുമുണ്ടു
ബോധിക്കാതുള്ളിൽകടപ്പാൻമേലാ.
നോക്കുന്നാടിക്കിലെവാതല്ലുൽവാതല്ലുൽ
തോക്കുംപിടിച്ചുള്ളകാവൽക്കാരും
വാക്കുന്നതുണ്ടതുകൊണ്ടിസ്സഭതന്നി-
ലാക്കുംകരേറുകസാധ്യമല്ലാ
സവ്വാധികാരിയക്കാരനപ്പോലുംത-
പ്പാനവക്കൊരുശങ്കയില്ല;

Digitized By Kerala Sahitya Akademi

ഗവ്വാഭിമാനങ്ങളൊന്നുംഫലിക്കയി-
ല്ലുവ്വിശശാങ്കനെറുമദ്ദിരത്തിൽ
വിസ്താരമുള്ളസഭതന്നിൽകേറുവാ-
നുത്തരംകൂടാതെഴുതല്ലിപ്പോൾ
മൂഢപ്രാഭിഷികതരായുള്ളനൃപന്മാരു-
മൂഢരായ്പോകുമിവിടെവന്നാൽ
ധർമ്മങ്ങൾകൊണ്ടുജഗത്ത്രയജയിച്ചുരു
ധർമ്മാത്മജനുവസിച്ചരുൾവാൻ
ശർമ്മാനുകൂലം ചമച്ചുസഭവിശ-
കർമ്മാവിനെക്കാൾവിദഗ്ധൻമയൻ
സന്മാനുഷന്മാർവരിഷ്ഠൻയുധിഷ്ഠിരൻ
സമ്മോദമോടെമയാസുരനു
സമ്മാനമോരോന്നുപട്ടംവളകളും,
സമ്പൂർണ്ണമാംഭിവ്യരത്നങ്ങളും,
കങ്കണം, മാല, കടകംപതക്കവും,
തങ്കപ്പണിമണികുണ്ഡലങ്ങൾ,
കങ്കണംകാഞ്ചികടിസൂത്രമുത്തമം,
കൈവിരൽമോതിരംചാരുഹാരം,
മംഗല്യാലങ്കാരസാരമാകുംവീര-
ചങ്ങലരത്നങ്ങൾരണ്ടുകൈക്കും
ഇങ്ങനെയൊക്കെക്കൊടുത്തുതെളിയിച്ചു
ഭംഗിയോടഞ്ചുസായായുധമാക്കി
ഭീമനും, പാർത്ഥനും, താനുംനകുലനും,
കോമളാകാരൻസഹദേവനും,
കാമിനീദ്രൗപതി, കന്തീസുഭദ്രയും,

Digitized By Kerala Sahitya Akademi

കൌതുകത്തോടെസഭാപ്രവേശം
നല്ലൊരുനേരത്തുപാലുകാച്ചിക്കൊണ്ടു
മെല്ലെന്നകംപുക്കുവാണിടിനാർ.
ദാനംപ്രതിഗ്രഹംസവ്വാണിയെന്നുള്ള
നാനാപ്രകാരേണധർമ്മങ്ങളും,
ആനന്ദസൽക്കാരമന്നദാനങ്ങളും
അമ്പോടുചെയ്തുസുഖിച്ചുവാണു.
ശ്രീകൊണ്ടുവിളങ്ങുന്നശ്രീകൃഷ്ണൻഭഗവാനും
ശ്രീരാമൻഭഗവാനും,വീരൻസാത്യകിതാനും
യാദവാധിപന്മാരുമേതാനുംപ്രജകളും
മോദാലസ്സുഭകാണ്മാൻമോഹിച്ചുതദാവന്നു-
പഞ്ചപാണ്ഡവന്മാരുംപാഞ്ചാലി,സുഭദ്രയും
വാഞ്ഛരാപൂർവ്വകംചെന്നുവന്ദിച്ചുവഴിപോലെ
പഞ്ചാസ്യോപമന്മാരാംരാമകേശവന്മാരെ
മഞ്ചാഗ്രേവസിപ്പിച്ചുമാനിച്ചുമഹാരാജൻ,
പാദക്ഷാളനംചെയ്തുപൂജിച്ചുവിധിയോടെ
പാദാംബുമഹാതീർത്ഥംമൂർദ്ധാവിലറുകൊണ്ടു
നാലഞ്ചുപ്രദക്ഷിണംവച്ചുവന്ദനംചെയ്തു
ലീലാമാനുഷന്മാരോടേവംധർമ്മജൻചൊന്നാൻ;
'കൃഷ്ണ!രാമ!മുകുന്ദ!മാധവ!വാസുദേവ!നമോസ്തുതേ
വൃഷ്ണിവീരവിരിഞ്ചിവാസവവന്ദനീയനമോസ്തുതേ.
ജിഷ്ണുതന്നുടെബന്ധുവാകിനവിഷ്ണുദേവ!ഭവാനഹോ
ധ്വംസ്സ-സർവ്വസഹിഷ്ണുവിശ്വചരിഷ്ണു,ഭ്രഷ്ണുജഗന്നിധേ;
ഇഷ്ടികൊണ്ടതിതുഷ്ടനാകിനവിഷ്ടപാധിപനേഭവാൻ
വൃഷ്ടികൊണ്ടിഹപുഷ്ടിനൽകുമതിഷ്ടഹേതുനമുക്കഹോ;

Digitized By Kerala Sahitya Akademi

സൃഷ്ടികാരണമിഷ്ടപൂരണ, മഷ്ടമൂർത്തിനിഷേവിതൻ
ശിഷ്ടപാലന!ദുഷ്ടനാശന!പുഷ്ടപൌരുഷനേഷനീ;
മാരസമസുകുമാര!പശുപകുമാര!യദുകുലവീര!
വിമലഗഭീര!മധുരശരീര!മഹിതസുധീര!മരതകസാര
ഘനരുചിപൂരവിഗതവികാര!വിശദവിചാര
വിമലനികാര!നീരസനഗുരു-
നിജപരിവാര!മിളിതവിഹാരിതരളിതഹാര,
ലോലതരവനപാലതുലിതതമാലിപരമനുകൂല!
കനകകുണ്ഡല!കലിതരശീല!കുവിതസുലീല!ജലധരനീല!
പശുകുലപാല!വിശദകപോല!സുവിപുല!ചേല!
സുഖിതകുചേലയദുനരപാല!
പരമവിശാല!ഗുണഗണശാലസുചരിതജാലജയജയ
ഇപ്രകാരമനേകകീർത്തനമാശുചെയ്തുധിഷ്ഠിരൻ
ക്ഷിപ്രമംബുജനേത്രനെത്തൊഴുതത്രനിന്നുദശാന്തരേ
പ്രാകൃതക്കവിചൊല്ലുവാൻവിരുതുള്ളൊരന്തണപുംഗവൻ
ലോകനാഥനെവന്നുകുപ്പിവണങ്ങിനിന്നുപുകഴ്ത്തിനാൻ,
പദ്മണാഭണമോണമോ;തുഭ,പങ്കയക്കണമോണമോ;
ജതുകുമാളതമാള,നീളശളീളവീളണമോണമോ
മശിണഘുശിണശിഖണ്ഡമണ്ഡണമയ്യ്ധണാഭണ
(മോണമോ
കണകകഞ്ചണവശണ,ചഞ്ചളണയണ,തുഞ്ച്.
(ധണമേണമോ
ളളിയകളയകളിയഘണമണിവളയണിളയ,ണമോ,
ണമോ
തുളിയമളയഗതണയ,പണിഹിയകുണയഭ്രുത:ണമോ
ണമോ

Digitized By Kerala Sahitya Akademi

ണ്ടളിയമാണശ,ശളശമാണ,ഗളിയദോശ,ണ-
(മോണമോ!
മിളിയശ്രമബളബഹ്വളശ്രന്ദള്ളുവയികന്ദണമോണമോ
പളയഗ്രണഗണനളയ,ജിയമഹിവളയ,കഹ്ണിണ
(മോണമോ
നിളയവിളഹിയ,കളയമയിളയമരുളണചളണണ
മോണമോ
പുളന്ധപംമളകളൂണികളപളിളംഭളോളണമോണമോ
ചളണണിപദ്ധന്നവിളയമപഥളമഹമഹോശണ
(മോണമോ,
കുന്ദശ്രുന്ദളമന്ദഹാശ!മുകുന്ദ!ശോളിണമോണമോ
ചന്ദവയണ,പുളന്ദളാദിശ്രുളച്ചിയംഘ്രിണമോണമോ;
ണന്ദണന്ദണ ചന്ദനാമളശീയശീളണമോണമോ;
വന്ദണിജ്ജകളിന്ദജായഡകേളിലോളണമോണമോ
ഹസ്തിനപുരംതന്നിലുത്തുകാലംവഴിപോക്കർ
ആത്തായത്തിന്നുവന്നകൊട്ടിൽകേറിസ്ഥലംവെച്ചു
പട്ടന്മാർപരിപ്പുകാർമടപ്പുള്ളിദ്വിജന്മാരും
വട്ടങ്ങൾതെളിയിച്ചുവെളിവിലങ്ങിലവച്ചു
മൃഷ്ടഭോജനംനല്കുകറിയുംഭ്രസുരന്മാക്ക-
ങ്ങിഷ്ടത്തിനൊത്തപോലെവിളമ്പിഭ്രക്തിചെയ്തിച്ചു;
ആഷ്ടിയുംകഴിച്ചുകൊണ്ടലസാതെവഴിപോക്കർ
കൊട്ടിലിൽതളംകേറിഇരുന്നുവെറ്റിലതിന്നു
തെട്ടംകമ്പിളിയെല്ലാംവിരിച്ചുപാളയംപോട്ടു
പാട്ടുംപാടിയോരോന്നേപറഞ്ഞങ്ങുശയിക്കുമ്പോൾ
പാന്ഥന്മാരുടെപാട്ടുംപരിഹാസങ്ങളുംകേട്ടു

Digitized By Kerala Sahitya Akademi

താൻതന്നൊപുറപ്പെട്ടധൃതരാഷ്ട്രാത്മജശ്രേഷ്ഠൻ
അമ്മാവൻശകുനിയുംസഖിയാംകണ്ണനുംകൂടി
താൻമാത്രംപുറപ്പെട്ടതരസാമൂവക്കുരുംടി
ഗൂഢമായൊരുദിക്കിലിരുന്നുകൊണ്ടിരപാക്ഷം
മൂഢാത്മാക്കളെപ്പോലെശ്രുവിച്ചുപാനഥസംസാരം;
തങ്ങളിൽപഥികന്മാർപറയുന്നുപലവാക്യം
എങ്ങുന്നുവരുന്നുതാൻവഴിപോക്കുടിജചൊൽകീ?
ഇന്ദ്രപ്രസ്ഥമെന്നുള്ളനഗരംതന്നിൽനിന്നിപ്പോൾ
ഇന്നത്തെപ്രാതലൂണുംകഴിച്ചിങ്ങുവരുന്നുഞാൻ
ധർമ്മനന്ദനൻതാനുംസഹജൻമാരുമെല്ലാരും
സന്തോഷിച്ചവിടത്തിൽവസിക്കുന്നില്ലയോവിപ്ര"
"ധർമ്മത്തിന്നൊരുനാളുംകുറവില്ലാത്തവർക്കുണ്ടോ
സന്തോഷത്തിനുഹാനിവരുന്നുജീവനുള്ളപ്പോൾ?
"ഉണ്ടൊരുവഴിപാലെവഴിപോക്കർക്കവിടത്തിൽ
ഉണ്ടിന്നേറവിധമെല്ലാമുരപ്പാൻനേരമില്ലിപ്പോൾ,
ഉണ്ടകോലാഹലമെല്ലാംകേട്ടുവെങ്കിൽഭവാൻതന്നേ
കെട്ടമാറാപ്പുകൾതോളിലിട്ടുകൊണ്ടുപുറപ്പെട്ട
കൊട്ടിലേറിസ്ഥലംവയ്പാൻകൊട്ടമേതാമസിക്കില്ല
വട്ടംചുപരമാത്മംകേട്ടകൊൾകമഹാത്മാവേ;
കുറുതായുള്ളരിച്ചോറും;നറുനെയ്യും,മലയാള
ക്കറിനാലുംനല്ലപാലുംവറുത്തുപ്പേരിയോലോലൻ
ചെറുനാരങ്ങ,മാങ്ങായുംചെറുപകുങ്ങളുംകണ്ണൻ
പഴം,വണ്ണൻപഴം,കാളിപ്പഴം,നേന്ത്രപ്പഴം,ചിങ്ങൻ
പഴം,കടളിപ്പഴം,പൂവൻപഴം,ചക്കപ്പഴം,പിന്നെ
പരിപ്പുംപപ്പടിച്ചോറുംകരുമ്പിന്നീർഗ്ഗളംതേനും

Digitized By Kerala Sahitya Akademi

വലിയപപ്പടം,ചെറിയപപ്പടം,പഞ്ചതാരയും
വേപ്പിലക്കട്ടിഇഞ്ചിത്തൈരഞ്ചുകൂട്ടംപൊടിത്തുവൽ
താളകം,താവളംപിന്നെത്താളകൊണ്ടുപുളിശ്ശേരി
നല്ലതെരും,നല്ലമോരുംനല്ലസംഭാരവുംഞാനി
ച്ചൊല്ലിയതൊന്നുമേഭോഷ്കല്ലപ്പനാണേപരമാത്മം,
അത്താഴത്തിനുനല്ലകാളനുംകാച്ചിയമോരും,
കത്തിരിക്കാക്കറിയതും,കണ്ണിമാങ്ങാ,യുണക്കിഞ്ചി
മത്തൻകൊണ്ടൊരുകൂട്ടംതോന്നെരിശ്ശേരിയുംനല്ല
മത്തൻകുമ്പളങ്ങാകൊണ്ടൊരുകൂട്ടംപുളിംമുളകും,
അത്താഴംകഴിയുറമ്പാളടയ്ക്കാ,ചെറിലേന്നൂറും
അത്യാവശ്യമുള്ളോക്കുപുകയിലക്കൂടെയുണ്ടു;
നിത്യമിങ്ങനെചട്ടംനീക്കമില്ലഞ്ഞൊരുനാളും,
സത്യംധർമ്മരാജൻറെധർമ്മമത്രെധർമ്മമിപ്പോൾ
ആറുമാസമൊരാണ്ടുമവിടത്തിൽപാർത്തുകൊണ്ടാൽ
ചോറുമെണ്ണയുംകിട്ടുമുടുപ്പാൻവസ്ത്രവുംകിട്ടും;
ഞായറാഴ്ചവാവുരണ്ടുമൊരിക്കലൂണുള്ളവക്ക
ചേറായിട്ടൊരുദിക്കിൽപലഹാരത്തിൻറെവട്ടം;
അടയുമപ്പവും,ദോശ;വടയുമിഡ്ഡിലിചീടാ
കുടിയൻമാരിടിക്കുന്നോരവിലുംശക്കരതേങ്ങാ;
മുറുക്കും,തേൻകുഴലുനൽപരിപ്പുംതേങ്ങയും,നെയ്യിൽ
വറുക്കുംറൊട്ടിയുംനല്ലമലരുംപഞ്ചതാരയും;
കുറുക്കിക്ഷീരവുംതേനുംപാനകംഞാനിതുസർവ്വം
ചുരുക്കിച്ചൊല്ലിനേനിപ്പോൾവിസ്തരിപ്പാൻനേരമില്ല
ഉറക്കംവന്നിടുന്നാകിൽഇനിയുംഞാനുരചെയ്യാം
മറക്കാതെമനക്കാമ്പിൽക്കിടക്കുന്നുനമുക്കെല്ലാം

Digitized By Kerala Sahitya Akademi

ചെറുപ്പക്കാർക്കൊരുക്കുട്ടംമോഹമുണ്ടെങ്കിലോനല്ല
ചെറുക്കിമാരിവിടെയുണ്ടവർക്കേതുംമടിയില്ല;
അടുപ്പാചൊറിലമാത്രംകൊടുത്താലാഗ്രഹമൊക്കെ
കിടപ്പാമത്തൊഴിലിന്നുംകിടക്കാരുചിലരുണ്ടാം
വെളുക്കുമ്പോൾപുറംതൂത്തുതളിക്കുന്നച്ചിമാർവന്നു
വിളിക്കുമ്പോളെഴുനേറുകളിക്കുന്നചിലരെല്ലാം
ഇളിച്ചുകൊണ്ടൊരുക്കുട്ടംകളിച്ചുകാമിനിമാരെ
വിളിച്ചുംകൊണ്ടുചെന്നൊട്ടുംവെളിച്ചുമില്ലാത്തടിക്കി-
ലൊളിച്ചുള്ളമനോരാജ്യംതെളിച്ചുപോരുമാകായ്ക-
ങ്ങളിൽചാടികനാംകെട്ടുഗമിച്ചുകൊൾകയുമുണ്ടു
നേരംപോക്കിനുവേണ്ടുആരംഭംപലതുണ്ടു
ഓരോടിക്കിലോരോരോഘോഷങ്ങളുംകാണാം
പന്തുമാടുക, ചിന്തുപാടുക, പകിടകളി, ചതുരംഗവും
പന്തണിക്കളർകൊങ്കാരുടെപട്ടത്തടവിനടനവും
ചന്തമേറിനചാക്കിയാരുടെ, കുത്തുമൊരുവകമേളവും
കന്തമേറുകഥപ്പുകൊട്ടുകഥചെപ്പടിക്കളികലശവും
പാണ്ടിമേളമുരുട്ടുചെണ്ടകുറുംകുഴൽഇടിതാളവും
ആണ്ടിയാട്ടവുമായുധക്കളിപാഠകംപലചാട്ടവും
തിത്തിമട്ടളവേണുവീണകഥതിമിലതകിൽമുഖവീണയും
കുത്തിവെച്ചൊരുപാവകളികളുമഖിലദിശിബാഹുവി

(സ്വയം;

ഇത്തരംബാഹുഘോഷമെപ്പൊഴുമവനിപതിയുടെമന്ദിരെ
ചിത്തരംഗസുഖത്തിനുള്ളൊരുസരണിപലവിധമുണ്ടോ
ഇപ്പുറഞ്ഞതിലേറമിപ്പോഴൊരുത്തുതംപുനരത്ഭുതം
ശില്പശാസ്ത്രവിദഗ്ദ്ധനായമയാസുരൻബാഹുബുദ്ധിമാൻ

Digitized By Kerala Sahitya Akademi

അപ്പുരത്തിലിരങ്ങിവന്നുപിചിത്രമായസഭാസ്ഥലം
ശില്പമായ്പണിചെയ്തനൽകിയുധിഷ്ഠിരനതിവിസ്മയം,
മുന്നമജ്ജനനവനുവന്നൊരുസങ്കടത്തെയൊഴിച്ചുപോൽ
എന്നതിന്നിഹപകരമുപകൃതിചെയ്വതിന്നിതുചെയ്തുപോൽ
മന്നിടങ്ങളിലൊന്നിലുംപുനരിപ്രകാരമൊരാലയം
പിന്നെമറൊരുടിക്കിലില്ലതരിന്നുസംശയമില്ലെടോ!
അമരവരനുടെനഗരമാമമരാവതിക്കുനിറംകെടും;
അമരുമതിനുടെഡമരുമിതുണ്ടകണ്ടുവെങ്കിലസംശയം
അമലമണിഗണകനകഘനതരരുചിരുചിഭരശോഭനം
കമലയുടെകുലഭവനമതുബതജയതിശിവശിവശങ്കര!
സ്ഥായിയില്ലവിരിഞ്ചദേവനുനമ്മളിൽപൊളിയല്ലെടോ!
ആയിരംനായനംനാമുക്കുതരാഞ്ഞതെന്തു;മഹാശഠൻ,
ആയതിന്നുനകൊണ്ടുചെന്നുകൊടുത്തതിനുവൃഥാഫലം
ആയവൻപുനരത്രവന്നിതുകാൺകയില്ലതിനീരസൻ
രണ്ടുകണ്ണുകൾകൊണ്ടുകണ്ടതുകൊണ്ടെനിക്കൊരുതൃപ്തിയി
ല്ലുണ്ടർകോനൊടുചെന്നിരന്നതുകൈക്കലാക്കുകകൂട്ടുമോ?
രണ്ടുവാക്കുനമുക്കുനഹിനഹി,പണ്ടുമിപ്പൊഴമേഷഞാൻ
കണ്ടുകേട്ടറിയുന്നതില്ലിതുപോലെമറൊരുമന്ദിരം
ഹസ്തിനാപുരമെത്രവിസ്മയമെന്നഭാവമിവക്ഷോ
വസ്തുബോധവിശേഷമില്ലസുയോധനാദികൾനൂറിനും
ഹസ്തിയുംപുനരാടുമൊക്കുമെതെങ്കിലതുമിതുമൊരുവിധം
വിസ്തരിച്ചതുപോരുമിവരിതുകേട്ടുവെങ്കിലബദ്ധമാം"
എന്തബദ്ധമെനിക്കൊരിത്തിരിപേടിയില്ലിവരേസഖേ!
അന്തണക്കൊരുടിക്കിലുംതടവില്ലവല്ലതുമോതുവാൻ,
എന്തുനിശ്ചയമിപ്പുഴുള്ളുപ്രഭുക്കടെതൊഴിലൊരുവിധം

Digitized By Kerala Sahitya Akademi

ചിന്തയിൽ കനിവില്ലവക്തുകരുതിനില്ക്കുണമേവനും
എങ്കിലുസ്സുയോധനൻമമവസ്സുവനുവിലക്കുമോ?
ശങ്കിയാത്തജനത്തിനല്ലൽവരുത്തുവാൻതടവില്ലെടോ"
"എന്നെറടിക്കിലിവനെറശക്തിനടക്കയില്ലമഹീസുര
എതുമാക്കമെറിഞ്ഞുകൂടമറിഞ്ഞുകാലമതോക്കണം"
ഇത്ഥമോരോവിശേഷങ്ങൾപറഞ്ഞുപാനഥവിപ്രന്മാർ
അർദ്ധരാത്രികഴിഞ്ഞപ്പോളൂക്കംവന്നുബാധിച്ചു
കട്ടകുക്കംവലിച്ചുംകൊണ്ടുരിയാട്ടങ്ങളുംമാറി,
കെട്ടഭാണ്ഡംതലയ്ക്കുംവച്ചുറങ്ങിയൊക്കവേക്കുടെ
മറഞ്ഞുകിട്ടിരിക്കുന്നധൃതരാഷ്ട്രാത്മജനുള്ളിൽ
നിറഞ്ഞുകോപവുമിത്ഥംപറഞ്ഞുമാതുലനോടേ:—
"അറിഞ്ഞോമാതുല! നമ്മേദുഷിക്കുംദുഷ്ടപാനഥന്മാർ
പറഞ്ഞോരക്ഷരമെല്ലാമബദ്ധംശുദ്ധമേഭോഷ്ക്ക്
കരിയുംചാരുമാശ്വയ്ക്കുംകളിയുംകാട്ടുമാശ്വയ്ക്കും
അറയുംമച്ചുമാശ്വയ്ക്കുംപറയുംവാക്കുമാശ്വയ്ക്കും
കരുവസ്തുവഷളായിട്ടില്ലപോലപ്പുരംതന്നിൽ;
കരുക്കൂട്ടംദുരാത്മാക്കൾക്കിന്നതേനൽകുവെന്നില്ലും;
കൂറുകൊണ്ടുപറയുന്നവാക്കിനെന്തുത്തരംവേണ്ടു?
ചോറുകൊണ്ടുസ്തുതിക്കുന്നചോഴിയബ്രാഹ്മണന്മാരെ
വാറുകൊണ്ടുതല്ലുകൂട്ടാനൊട്ടുമേയോഗ്യമല്ലല്ലും;
ഏറുകൊണ്ടുമണ്ടുമിപ്പോൾമറെറാരുരുതൻപറഞ്ഞെങ്കിൽ
ചോറുതിന്നുനിചിടത്തിൽ,കൂറുകന്തീസുതന്മാരിൽ;
നൂറുകൂട്ടമപരാധംനമുക്കുംസാദരന്നാക്കും;
പോറകൊക്കഞ്ഞൊരുവാലുംതലയുമില്ലതുകൊണ്ടി-
ങ്ങിറവന്നാലെന്തുചെയ്യാംഅടങ്ങിപ്പാക്കയേയുള്ളു

Digitized By Kerala Sahitya Akademi

"പറഞ്ഞുമാതുലൻ; ഉണ്ണി! കുറഞ്ഞൊന്നക്ഷമിച്ചാലും
മറഞ്ഞുകേട്ടവൃത്താന്തമറിഞ്ഞില്ലെന്നവയ്ക്കണം
തനിക്കാംപോന്നവയ്ക്കെല്ലാംമറുക്കാമ്പിൽസ്ഥിരംവേണം
അനക്കാതിങ്ങിരുന്നുംകൊണ്ടിനിക്കായ്മംവിചാരിക്കാം
മീനക്കേടു സഹിക്കാഞ്ഞാൽകനക്കേടുഭവിച്ചീടുക്കാം;
നിനക്കേതുമിതുകൊണ്ടുമനഃക്ലേശംവരാനില്ലാ
എനിക്കത്രേരിപുപ്രൗഢിനിനയ്പ്പോൾസഹിക്കാത്തു
പതുക്കെപാണ്ഡവന്മാരെച്ചതിക്കുന്നുണ്ടുഞാനുണ്ണി
കൊതിക്കുംവസുസാധിച്ചാനതിക്ലേശംനമുക്കില്ലാ
എതിരിട്ടവരുന്നോരെചതിക്കുട്ടംശകുനിക്കി-
ക്ഷിതിതന്നിലൊരുമാറാരെതിരില്ലെന്നറിഞ്ഞാലും
പ്രതിമല്ലക്ഷിതിപാലക്ഷതിനോക്കിസ്ഥിതിചെയ്യു-
ന്നതിനിങ്ങുനതിയില്ല, മതിതന്നിലതിനുള്ള
ഗതിയുണ്ടു, ചതിയുണ്ടു് മതിമാൻഞാൻമതിയാകും,
അതിരേകംകൊതിയുമുണ്ടതിനൊത്തവിധിയുമു-
ണ്ടതിൽക്കൂടെസ്ഥിതിചെയ്താൽമതി, ഭ്രമിപതിവീര
പതിനെട്ടുവിധംമായാപ്രയോഗങ്ങളുണ്ടനിക്കു
ഉറക്കംവന്നുവെങ്കിൽപോയ്ഉറങ്ങിക്കൊൾകനീയുണ്ണി
നിനക്കേടുവരികില്ലെന്നുറച്ചുകൊൾകനിവീരാ,
ഉറക്കത്തിൽപണിക്കത്തംതനിക്കുമില്ലെനിക്കുമി-
ല്ലുറക്കൊട്ടിലകംപുക്കാൻനമ്മളെല്ലാമൊരുപോലെ
ഇപ്രകാരമുരചെയ്തുശകുനി, കുണ്ഡനംകൂടെ
സപ്രഭവശംപ്രവേശിച്ചുശയിച്ചുനിദ്രയുംപുണ്ടു
ദിഷ്ടഭൂതപംപെരുത്തുധ്യാനൻതൻപുരംപുക്കു
സുപ്രകാശംതല്പമേറിശ്ശയിച്ചുസമ്മതത്തോടെ

Digitized By Kerala Sahitya Akademi

അന്തണന്മാർപറഞ്ഞോരസ്സഭാസ്ഥാന പ്രഭാവത്തെ
ചിന്തചെയ്തങ്ങസൂയകൊണ്ടുറക്കവുംവന്നില്ലാ;
പെട്ടമങ്ങുടൻപ്പോൾഎഴുന്നോറുപുറത്തുവ-
ന്നിഷ്ടബന്ധുക്കളെയെല്ലാംവിളിച്ചങ്ങുവിചാരിച്ചു;
ദുർമ്മുഖ!ദുഷ്പന!ദുശ്ശാസന!ദുഃശ്ശാപ!വാടാ,
ധർമ്മജനേറപുരന്തന്നിലുണ്ടപൊലൽഭൂതംകിഞ്ചിൽ
വെൺമഴകൊണ്ടവനിയിൽവെട്ടിപോൽദാനവാശാരി;
വേഴ്ചചേരുംസഭാസ്ഥാനംതീർന്നപോലപ്പൊഴേതന്നെ
കണ്ണനെങ്ങു?വരികനീ;നമ്മുടെമാതുലനെങ്ങു?
വർണ്ണിതമാകുമാസ്ഥാനംചെന്നുകണ്ടുവരേണ്ടായോ?
ഭോഷ്കുതന്നെവഴിപോക്കർപറഞ്ഞതെന്നെന്നുടെപക്ഷം
വാക്കുകൊണ്ടുഫലിപ്പിപ്പാനന്തണന്മാക്കാരുമൊക്കാ
വല്ലതെന്നാകിലുമിന്ദ്രപ്രസ്ഥമാംപത്തനംതന്നിൽ
വല്ലഭത്വംനടിച്ചവൻമക്കളെക്കണ്ടുപോരേണം
ധർമ്മജൻനമ്മുടെജ്യേഷ്ഠൻഭീമസേനാദികഠിനാലും
നമ്മുടെസോദരന്മാരുമങ്ങനെചാച്ചുയുണ്ടല്ലോ
അജ്ജനത്തോടിങ്ങുവൈരം;ഇജ്ജനത്തോടങ്ങുവൈരം
സജ്ജനങ്ങൾക്കൊരുപോലെബോധമീവത്തമാനങ്ങൾ
അജ്ജൂനനഗ്രജനാകുംഭീമസേനൻമഹാദിഷ്ടൻ
ലജ്ജകൂടാതവൻനമ്മെയാലെടുക്കുംതരുചെന്നാൽ"
പൊണ്ണനാംഭീമനെത്തെല്ലുംഭീതിയില്ലാനമുക്കുള്ളിൽ
അണ്ണനെന്തിന്നുകൂസുന്നുഎന്നുദുശ്ശാസനൻചൊന്നാൻ
കണ്ണനുമങ്ങനെപക്ഷം,ശകുനിക്കുമതുപക്ഷം
നിർണ്ണയിച്ചുപുറപ്പാടുകൂട്ടിദുര്യോധനനപ്പോൾ
താതനോടയാചിച്ചുവാനൊരുമ്പെട്ടനൂറുപേരും

Digitized By Kerala Sahitya Akademi

ജാതമോദംശകുനിയുംകണ്ണനുമാദരവോടെ;
ജനകന്നുംകണ്ണുകാണാ, ജനനിക്കുംകണ്ണുകാണാ;
തനയന്മാരറികത്തുചെന്നുകൂപ്പിച്ചുമച്ചപ്പോഠം
"ചുമയ്ക്കുന്നാരെടാ" യെന്നുധൃതരാഷ്ട്രഗിരംകേട്ടു,
"ചുമയ്ക്കുന്നതടിയങ്ങ" ളെന്നവരുമണത്തിച്ചു;
"ഉണ്ണികൾക്കെന്തൊരുദ്യോഗം" എന്നുതാതൻ ചൊടിയ
(ങ്ങിനം
കണ്ണുരണ്ടുംസഫലമാക്കീടുവാനായ്തുടങ്ങുന്നു
"മക്കളേ!നിങ്ങടെവാക്കിന്നർത്ഥമുണ്ടായീലെ" ന്നച്ഛൻ
മിക്കവാറുമുണർത്തിക്കാമർത്ഥമുണ്ടായിലെന്നാകിൽ
ധർമ്മജൻതൻറപുരന്തന്നിലുണ്ടുപോലുമൊരാശ്ചര്യം;
രമ്യമാകുംസഭാസ്ഥാനന്തീർത്തുപോൽദാനവാശാരി
അദ്ധ്വഗന്മാർപാഞ്ഞെത്തവംകേട്ടഞങ്ങളുകാണ്മാൻ
അത്രനിന്നുപുറപ്പെട്ടജനകൻസമ്മതിക്കേണം
അതുകാണാത്തവരുടെകണ്ണുരണ്ടുംപാഴിലെന്നു
പഥികന്മാർപറയുന്നുപാത്തുകണ്ടാലറിഞ്ഞീടാം
എങ്കിലെൻമക്കളേചെന്നുകണ്ടുവേഗേനപോന്നാലും
ശങ്കവേണംമനക്കാമ്പിൽശത്രുരാജ്യത്തുചെല്ലുമ്പോഠം
ഇജ്ജനത്തെഅവക്കാക്കുമിഷ്ടമില്ലെന്നറിഞ്ഞാലും
അജ്ജുനൻഭീമനുംകൂടെച്ചതിക്കുട്ടന്നതോക്കേണം
അത്രയുമല്ലതിഃനക്കാളുണ്ടൊരുദുർഘടമിപ്പോഠം
എത്രയുംബന്ധുവായിട്ടുണ്ടേഷണിക്കാരനങ്ങേകൻ
ശത്രുപക്ഷക്കാരിൽമുൻപൻശാഠ്യമോരോന്നുളവാക്കും
അത്രനന്മെച്ചതിപ്പാനല്ലാതെമറുതൊഴിലില്ല
താനല്ലയെന്നുഭാവിക്കുന്തരംനോക്കിപ്രയോഗിക്കും

Digitized By Kerala Sahitya Akademi

സ്ഥാനത്തങ്ങൊരേടത്തുംതന്റെ വേഷംകാട്ടുകില്ല;
മാനത്തുപറക്കുന്നപരുന്തുപക്ഷിയെപ്പോലെ
മീനത്തക്കൊക്കിലാക്കിക്കൊണ്ടുപോയേഅറിഞ്ഞീടൂ
കുപ്പാനുംമടിയില്ലകാമിനിമാർകളെപ്പാട്ടിൽ
വയ്പാനുംമടിയില്ലവധിപ്പാനുംമടിയില്ല
നമ്മെച്ചെണ്ടകൊട്ടിപ്പാൻതരംനോക്കിനടക്കുന്നു
നന്മയുനിരൂപിച്ചിട്ടുണ്ടുംവന്നുപോകൊല്ലാ
വെട്ടുന്നുകാണുകില്ലപിറകേനിന്നൊരുവെടി-
പൊട്ടിക്കുന്നതുകേൾക്കുചത്തുവീഴുന്നതുകാണാ
ആങ്ങിനെയുള്ളോരുദേഹമങ്ങിരുന്നുപ്രയോഗിക്കു-
മെങ്ങിനെയെന്നറിയാതെഇജ്ജാനത്തച്ചതിക്കുട്ടൻ
എന്നുടെമക്കളേനിങ്ങളായവൻറകപടത്തിൽ
ചെന്നുചാടിവലയാതെപോന്നുകൊൾവിൻവിരവോടെ
സജ്ജനങ്ങളിരിക്കുന്നടിക്കിലേസഞ്ചരിക്കാവൂ
ദുർജ്ജനങ്ങളോടുചേർന്നാൽദൂഷണംസംഭവിച്ചീടും;
കാട്ടുപാത്രങ്ങളിൽനല്ലപുളിച്ചതൈരൊഴിച്ചുന്നാൽ
കൂട്ടുവാൻകൊള്ളുതെന്നുകേട്ടുകണ്ടീടുന്നതല്ലോ
കാട്ടുമൂർഖപ്പാമ്പിനെക്കൈകൊണ്ടുമെല്ലെത്തലോടിത്തൻ
പാട്ടിലാക്കാമെന്നുമോഹംമാൻഷന്മാക്കളുവാമോ?
അജ്ജനങ്ങൾക്കിജ്ജനത്തോടുള്ളവൈരംപോകയില്ല
ഇജ്ജനങ്ങൾക്കജ്ജനത്തോടുള്ളവൈരവുമപ്രകാരം
രണ്ടുകൂട്ടക്കാരുമായിച്ചേരുവാനുള്ളദുർമ്മോഹം
കൊണ്ടുപാഴിൽപ്രയത്നങ്ങൾചെയ്യുന്നാൻമക്കളേകേൾം

(പ്പിൻ!

എലിയുംപൂച്ചയുംതമ്മിൽകീരിയുംസർപ്പവുംതമ്മിൽ

Digitized By Kerala Sahitya Akademi

പുലിയുംഗോക്കളുംതമ്മിൽകാക്കയുംമൂങ്ങയുംതമ്മിൽ
ഒരുനാൾചേച്ചയുണ്ടാമോഎന്നപോലെകണ്ടുകൊൾവിൻ
കുരുക്ഷേത്രപാണ്ഡവന്മാരുംതങ്ങളിലുള്ളവൈഷമ്യം
ഉമ്മരത്തെപ്പുല്ലുകൊണ്ടുചിരിക്കുന്നമ്മളെക്കണ്ടാൽ
ഉള്ളിലെപ്പുല്ലുകൾകൊണ്ടിട്ടരുമ്മും പാണ്ഡുപുത്രന്മാർ
തൃഷ്ടിക്കൂടാതഹോതുക്കക്കാരുടെനൽ ചിരിപോലെ
സ്പഷ്ടമായിക്കണ്ടുപോരാനുണ്ണികൾക്കുമോഹമെങ്കിൽ
ഒട്ടുമേതാമസിക്കാതെഗമിപ്പിൻ!മക്കളേനിങ്ങൾ
എട്ടനാഴിലകമിങ്ങുവരേണംബാലകന്മാരേ!
ഗാന്ധാരവചനമിങ്ങനെകേട്ടസപദിസുയോധനൻ
അന്ധമതിശകുനികുണ്ണസമാകുലൻസുമഹാധനൻ
ഹന്തസുഖമിതിമനസിഗണകൃതകേനസംഭൃതസാധനൻ
ചന്തമൊടുനടകൊണ്ടുവിരവൊടുസകലരിപുകുലബാധ
(നൻ
തമ്പിമാർപുനരമ്പതുംപുനരൊമ്പതുംബതനാല്പതും
മുമ്പിലമ്പിലകമ്പടിസ്സുടനമ്പുവില്ലുമെടുത്തുടൻ
കുംഭിതുരഗരഥാദിപടകളുമുടമയൊടുപടഘോഷവും
കൊമ്പുകുഴൽതുടിപടഹഘടരടിതകടുപരിഘോഷവും
ഇടികളൊടുപടതുടരുമൊരുവകവെടികളുടെനിനദങ്ങളും
കൊടികൾകുടതഴചടുല ചാമരമാലവട്ടശതങ്ങളും
പൊടികളിളകിമറിഞ്ഞുദിശിദിശിരുധടിതിനടനവിധ
(ങ്ങളും
നടികളുടെമുദിനടനമുടനഥവിടഭടാദിവിലാസവും
സരസമവരുടെമോടിയുംസുഖമോടിയുംചിലർപാടിയും
വിരസമൊരുവകപാടിയുംനരകോടിയുംഇടക്കുടിയും

Digitized By Kerala Sahitya Akademi

സപദിമലഹരിപാടിയും ചിലർ പാടിയും ചിലരാടിയും
സകലമലവനവാടിയും ചിലർതേടിയുംമലർചൂടിയും
ഫലിതമൊരുവകചറകയും ചിലരുറകയുംചിലർമറകയും
പലതുമിഹഭുവിനിറകയും ചിലർവിറകയുംരസമറികയും
കലശലൊരുദിശിമറികയുന്തനമുറികയുമുനരറികയും
ചലനവിധമിതുകുറകയും നഹിവഴികയും ചിലരറികയും
വിളിച്ചും,തെളിച്ചുംകനിവൊടുകളിച്ചുംപുളച്ചുംനലമൊടു
നടിച്ചുംവടിച്ചുംപലരസമുടിച്ചുംമറിച്ചുംപരിചൊടു
ചരിച്ചും ചിരിച്ചുംപലവഴിതിരിച്ചുംഭരിച്ചുംചുമടുകൾ
നടന്നുംകടന്നും ചിലരഥമുടന്നുംകിടന്നുംവനമപി
തകർത്തുംതിമിർത്തുംപുതുമകളുതിർത്തുംമുതിർത്തുമ്മധുബത
കുടിച്ചുംചൊടിച്ചും തെളിച്ചടിച്ചുംപിടിച്ചുംഭള്ളുകൾ
നടിച്ചുംകടിച്ചുംതടതലമിടിച്ചുംപൊടിച്ചുംവടിതടി
എടുത്തുംകടുത്തുംഖലകുലമടുത്തുംതടുത്തും ചിലരിഹ
പെടുത്തുംകുറുത്തുംമുഖമതുചുരുത്തുംപൊരുത്തുംക

(ടമൊഴി

ഉരുത്തുംപെരുത്തും പലതൊഴിൽപരുത്തുംനിരുത്തുംശിവ

(ശിവ!

ഈവണ്ണമവിടത്തിലീവന്നപുരുഷാരം
ആകുന്നപടക്കോപ്പുമാകവേചമതിച്ചു
നാഗമന്ദിരംതന്നിൽ ഭൃഗമിച്ചഴകോടേ
നാഗകേതുവെച്ചന്നുവേഗേനകൈവണങ്ങി
ആയുധമെടുത്തുംകൊണ്ടായിരത്തിരുനൂറു
നായന്മാരകംപടിയായ്മുന്നിൽനടക്കേണം
ഇമ്പമതുചവളക്കാമ്പതുമറക്കാതും

Digitized By Kerala Sahitya Akademi

പിന്നെസഞ്ചരിക്കണംരാത്രിമാത്രമേവേണ്ട
ബാലപ്പിള്ളരുംവേണ്ടാവൃദ്ധന്മാർകളുംവേണ്ടാ
കാലിന്നുമുടവുള്ളകായ്ക്കാരുംവേണ്ടാ
കാലത്തുപഴംകഞ്ഞികുടിക്കാതെനടപ്പാനും
മേലാത്തഭടന്മാരുംയജമാനന്മാരുംവേണ്ട
ബാലപ്പെണ്ണെകൊടിമാരെക്കാണുമ്പോളിളിക്കുന്ന
ബാഹുക്കളൊരുപത്തിജളന്മാരാരുമേവേണ്ടാ
മാലക്കണ്ണുള്ളവരുംമടിയന്മാർമുടിയന്മാർ
മാലോകർദുഃഖിക്കുംകഥകൂടിയന്മാർമടിയന്മാർ
നാലിന്നുമുതകാത്തനാടന്മാർശ്രുനകൻറ
ചാലിന്നുംവിലകാണാത്താണങ്ങെളിഷവേണ്ടാ
പള്ളയ്ക്കുപൊറുപ്പാനായ്ഇരന്നുണ്ടുനടന്നുതൻ
തള്ളയ്ക്കുമൊരുവറുകൊടുക്കാത്തോരിരുപ്പാളി
പ്പിള്ളക്കുപിറന്നുള്ളഭടന്മാരെക്കൊണ്ടുപോയാൽ
തൊള്ളയ്ക്കുതെല്ലുവെള്ളംകുടിപ്പാൻകൂടവേകൂടാ
മാറിക്കുണ്ടനെക്കുട്ടികൊണ്ടങ്ങുനടക്കുന്ന
പോറിക്കുമനത്തങ്ങൾവരുമെന്നുധരിക്കേണം
മാറിപ്പുറംപറഞ്ഞെന്നാൽമലവെള്ളംപൊങ്ങിനില്ലോ-
രാറിൽമുങ്ങിയാൽപോലുംജലപാനംകൂടുകില്ലാ
തന്നേക്കാൾവലിയോരെത്തരിമ്പുംശങ്കയില്ലാത്ത
കന്നങ്ങൾമറുനാട്ടിൽചെന്നെന്നാൽ ചിതംപാരാ
പെണ്ണുങ്ങൾപറയുന്നമൊഴികേട്ടുനടക്കുന്നോ-
രെണ്ണങ്ങൾപലതുണ്ടാമവരാരുമിങ്ങുവേണ്ടാ
വിപ്രന്മാർവരുന്നേരംവഴിമാറിക്കൊടുക്കാത്ത
ദുഷ്പ്രഭുക്കളുംവേണ്ടാദുരഹങ്കാരികളുംവേണ്ടാ

Digitized By Kerala Sahitya Akademi

സ്വാമികല്പനകേൾപ്പാൻമടിക്കുന്നമഹാപാപി
ഭൂമിയിലൊരേടത്തുംപൊറുപ്പാറുത്തമനല്ല
തമ്പുരാന്റെറമടപ്പള്ളിച്ചെമ്പിലേച്ചോറുഭക്ഷിപ്പാൻ
മുമ്പിൽവന്നുസ്ഥലംവയ്ക്കുമാമ്പടിക്കാരൊരുക്കൂട്ടം
വമ്പടവന്നടുക്കുമ്പാൾപിമ്പിലെങ്ങാനൊളിക്കുന്ന
വമ്പരെല്ലാമങ്ങുപോട്ടിൽപാത്തുകൊൾകേവേണ്ടുവിപ്പോൾ
കേട്ടകേട്ടവന്നുകൂടുംമനുഷ്യന്മാരൊരുലക്ഷം
നാട്ടുപട്ടന്മാരുമെല്ലാമെന്തിനിപ്പോൾപോന്നുവന്നു
ഉൗട്ടിലുൺമാൻക്കൂട്ടക്കൂട്ടിപോകയല്ലീപ്രഭുത്വത്തെ
കാട്ടിയൊപ്പിക്കണംവൈരിജനങ്ങൾക്കെന്നതുമല്ല
നാട്ടിലുള്ളമുതുക്കന്മാർപിള്ളരുംപിള്ളമാരോരോ
കോട്ടിൽനിന്നുപുറപ്പെട്ടവന്നുയോഗംതികയുന്നു
കാട്ടിലുള്ളഫലമൂലംചുട്ടതിന്നുകിടക്കുന്ന
ചേട്ടകൾക്കഷ്ടിയെന്നല്ലാതെപ്പൊഴംചിന്തയുമില്ലാ
നരയന്മാരൊരുക്കൂട്ടംജരയന്മാരൊരുക്കൂട്ടം
കുരയന്മാരൊരുക്കൂട്ടംകുരുടന്മാരൊരുക്കൂട്ടം
കുമ്പന്മാർവെളുമ്പന്മാർകഷണ്ടിക്കാർകിഴവന്മാ
രൊരുമ്പെട്ടുപുറപ്പെട്ടതരിമുംതാമസിക്കാതെ
പെരുക്കാലുള്ളവരെല്ലാമനങ്ങാതെതന്റെവീട്ടി-
ലിരിക്കാതെമെല്ലെമെല്ലെനടന്നിങ്ങുവന്നുകൂടി
കരിക്കലുമൊരേടത്തുംനടക്കാതെകിടക്കുന്ന
കുരക്കാരൊന്നൊഴിയാതെപുരക്കെവന്നിടകൂടി
ഇരപ്പാളിപ്പരിഷയ്ക്കൊരുനേരംതെല്ലുചോറു
നിരപ്പാടേകൊടുത്തങ്ങുപിരിപ്പാനില്പുരംതന്നിൽ
പരിപ്പുകാരനും പന്ത്രക്കാരനും ചന്തമോടെകാ-

Digitized By Kerala Sahitya Akademi

ത്തിരിപ്പുമറവരൊക്കെത്തിരിപ്പുതങ്ങടെവീട്ടിൽ
കുറുപ്പന്മാർപണിക്കന്മാർകണക്കപ്പിള്ളമാർപിന്നെ
ചേറുപ്പക്കാർവലിപ്പക്കാരിയ്യനങ്ങളിപ്പുരത്തിൽ
ഉറപ്പിച്ചുവസിച്ചാലുമച്ഛനേയുമമ്മയേയും
വെറുപ്പിച്ചീടാതലാവല്ലാത്തേഷണിവാക്കുകൊണ്ടു
കുറുപ്പത്തിലൊരുയോഗംകൂട്ടിഞാനരുതമ്പിമാരും
പുറപ്പെട്ടുപാണ്ഡവന്മാരിരിക്കുംദിക്കിലേക്കിപ്പോൾ
പറക്കൊട്ടുംകൊമ്പുകാളംതാളവുംമേളവുംവേണ്ടാ
നിറക്കേടില്ലതില്ലാഞ്ഞാൽഇയ്യനങ്ങൾക്കൊരേടുത്തും
അറിഞ്ഞാലുംനിങ്ങളോടാച്ചുകിയാക്കേകൊപ്പുവേണ്ടു
കുറഞ്ഞൊന്നുംതാഴ്ചയില്ലാനമുക്കുമേളമില്ലാഞ്ഞാൽ
പറഞ്ഞാൽകഷ്ടമെന്നാലുംപറയാംതമ്പുരാന്മാരും
കുറഞ്ഞൊന്നല്ലഹോഞങ്ങൾനൂറുപേരുണ്ടെരുപോരല.
കുരുയുദ്ധത്തിനുവേണ്ടുംനൃപന്മാർഞങ്ങൾതാൻപോരും
കുരുരാജാധിപൻതന്റെഭാഗ്യമെന്നേപറയാവൂ
കുരുടിക്കിൽചെന്നുപോരാനൊരുവൈഷമ്യമില്ലിപ്പോൾ
കുരേടത്തുമവമാനമിയ്യനങ്ങൾക്കില്ലതാനും
പെട്ടകംപെട്ടിയുംകെട്ടിച്ചുമപ്പാൻപിള്ളരുംകൂട്ടി-
പ്പട്ടരുംവെറിലസ്സുഞ്ചിക്കാരനും,കാരിയക്കാരും
എട്ടുപത്തുകുടക്കാരുമഞ്ചുപത്തുവരിയാല-
ക്കെട്ടുകുംഭടന്മാരുമായിരംനായരുംവേണം
ഇപ്രകാരമുരചെയ്തുധാത്തരാഷ്ട്രാഗ്രജവീരൻ
ക്ഷിപ്രമങ്ങുപുറപ്പെട്ടുസാദരംസോദരന്മാരും
തൽപ്രകാരംശകുനിയുംകർണ്ണനുംകാരിയക്കാരും,
സപ്രമോദംഭടന്മാരുംസവ്വുന്നങ്ങളുംപിന്നേ

Digitized By Kerala Sahitya Akademi

വമ്പനായുള്ളൊരുനല്ലകൊമ്പനാനത്തലമന്റെ
കൊമ്പുരണ്ടുംമസ്തകവുംപൊൻപടംകൊണ്ടണിയിച്ചു
തൻപുറത്തുമദംമുത്തതമ്പുരാനംകരയേറി
തമ്പിരാജാക്കളുംതൊണ്ണൂറൊമ്പതാനപ്പുറമേറി
മുമ്പിലാശ്രനടകൊണ്ടുമുത്തരാജാവനുജന്മാർ
പിമ്പിലമ്മാവനുംപിന്നെക്കണ്ണനുംരണ്ടുഭാഗത്തും
വമ്പിയന്നയജമാനന്മാരുമൊക്കെപ്പുറപ്പെട്ടു
ജംഭിതഘോഷമാംവണ്ണംഗമിച്ചാരാടരവോടെ.

വീടുംകൂടികളുംനാടുംനഗരവും
തോട്ടവുപുഴകളുംകാടുംമലകളുമ
കടന്നനടന്നുവാപീതട്ടവുമിടവുംനല്ല
ജലവുംസ്ഥലവുമവൃക്ഷത്തണലുംമണലുംപൂവിൻ
മണവുംഗ്രണവുംകണ്ടുകുക്കുംതരുക്കൾതോറും
പരന്നുനിരന്നുനേരംതുടങ്ങിടമനോരമ്യമായാ-
ട്ടടങ്ങിമടങ്ങിടാതെ.കലയുമപുലിയുമുള്ള
മലയിൽവലയുംകെട്ടിതടുത്തുംകടുത്തുമവില്ലു-
മെടുത്തുതൊടുത്തുമമ്പുണമുടക്കിമുടക്കിനിന്ന
തടിയുംവടിയുംമന്തിപ്പെടിയുംപടിയുമായുള്ള
കരിയുങ്കിരിയുംപോത്തുമനുമിയുംമരിയുംചാടി
കടിച്ചുംപിടിച്ചുംവെട്ടിമുറിച്ചുംമരിച്ചുംതള്ളി-
പ്പിടിച്ചുകിടച്ചുംമാരസപിള്ളുംകിള്ളുമാമോദം
വളുംതളുംകുട്ടംകലമ്പിക്കലമ്പിത്തമ്മിൽ
കയത്തുംവിയത്തുമമനിവിളിച്ചുംതെളിച്ചുംപന്നി
കറവുംപൂരവുംകണ്ടിച്ചെടുത്തുംകൊടുത്തുചുട്ട
ഇറച്ചുംത്യജിച്ചുംകള്ളുകുടിച്ചുംചൊടിച്ചുംതെഴിൽ

Digitized By Kerala Sahitya Akademi

നായാട്ടുമതിയാക്കിനായന്മാരിഹപോന്നു
നായാടികളുംമാറിപ്പോയാരൊക്കവേകൂടെ,
ഇന്ദ്രപ്രസ്ഥമെന്നുള്ളമന്ദിരത്തലത്തിന്റെ
അന്തികപ്രദേശത്തങ്ങടുത്തുധാർത്തരാഷ്ട്രന്മാർ
ദന്തികസ്ഥാനത്തിൽനിന്നിറങ്ങിനൂറുപേരും
രത്നങ്ങൾകൊണ്ടുകെട്ടിപ്പടുത്തോരാൽത്തറകേറി
രാജനന്ദനന്മാരുംകൺണ്ണൻമാതുലൻതാനും
പെട്ടെന്നുകാറുമേറുസുഖിച്ചുമേവിനനേരം
പെട്ടകംതുറന്നാലു,മെന്നുരാജാവരുൾചെയ്തു
പെട്ടിപെട്ടകമെല്ലാംതുറന്നു,പൊന്മണിക്കോപ്പും
പട്ടുംപട്ടുമാലുംചേലയുംപച്ചപാലാവും
എന്നുള്ളപദാർത്ഥങ്ങളെടുത്തുകൊണ്ടലങ്കാര-
മൊന്നുമേകുറയാതെചമയത്തിന്നൊരുമ്പെട്ടു.

ചന്ദനംപനിനീരുംകുംകുമകളഭലേളിതജവാതുവും
ചന്തമേറിനപുഴുകുമഴകൊടിഴുക്കിമെയ്യിലശേഷമേ
കുന്ദകുറുമൊഴിമല്ലികാമലർമാലകൊണ്ടുശിരോരുഹേ
മന്ദമൻപിലണിഞ്ഞുസുന്ദരസുഭഗത്രുപിസുയോധനൻ
സ്വർണ്ണമണിമയമകുടകടകകിരീടഭൂഷണഭൂഷിതൻ
കർണ്ണയുഗമതിലധികവിലസിതകുണ്ഡലങ്ങളണിഞ്ഞുടൻ
മുത്തുമാലപതക്കമുരുതരമുരസിചേർത്തുമനോഹരം
പത്തുകൈവിരലുംനിറ്റുവ്രഥമോതിരങ്ങൾനിരന്തരം
പൂട്ടരണ്ടുമുള്ളത്തിലുള്ളൊരുപട്ടുടുത്തരഞൊണവും
ഇട്ടപട്ടുമാലുകെട്ടിമുറുക്കിനല്ലൊരുതൊങ്ങലു-
മിട്ടുപുഴുകുമെടുത്തുമുഞ്ഞിമിനുക്കിനൽകുറിയിട്ടടൻ
മുട്ടുകുത്തിയിരുന്നുതലമുടിയുരുത്തുകെട്ടിമഹാരഥൻ

Digitized By Kerala Sahitya Akademi

ശില്പമോടഥ ചന്ദ്രകാവിവള മ്പുകെട്ടിവിശിഷ്ടമാം
മപ്പണത്തെയെടുത്തുപല്ലു മിളിമ്പുനോക്കി,രസിക്കയും
ഇപ്രകാരമണിഞ്ഞുകുത്തിനുചാക്കിയാരണിയുന്നപോൽ
ഇപ്രകാരമതൊക്കെവൈരികൾകാണണംമമപൌരുഷം
എന്നുരച്ചുജളപ്രകൃതവിധങ്ങളഖിലമെടുത്തഥോ
മന്നവൻനിജദിവ്യഭൂഷണഭംഗിയൊക്കെവരുത്തിനാൻ
ഉന്നതംകുട, ചാമരം, തഴ, കൊടികളിടകലരുംവിധം
പന്നഗധ്വജനാശുപാണ്ഡവനഗരനികടമവാപ്തവാൻ
ധാത്തരാഷ്ട്രനുംചെയ്തസാദരന്മാരൊട്ടുമെല്ലെ
ധൂർത്തരാഷ്ട്രംപ്രവേശിച്ചുനമ്മളെനുഗ്രഹിക്കേണം
കീർത്തിഭംഗംവരാതെകണ്ടിപ്രദേശങ്ങളെയെല്ലാം
പാർത്തുകണ്ടുകൊണ്ടുവെക്കമങ്ങുതന്നേഗമിക്കേണം
അബദ്ധങ്ങളൊന്നുംകാട്ടാതിരിക്കേണമനുജന്മാർ
അവസ്ഥാനങ്ങളിൽചെന്നുചാടിയാൽദൂഷണമുണ്ടാം
അവസ്ഥാദേശകാലങ്ങളറിഞ്ഞേതുസഞ്ചരിക്കാവൂ
സുബദ്ധംനമ്മൾചെയ്താലുമബദ്ധമാക്കുമക്ഷുദ്രം
പരന്മാർപാണ്ഡുപുത്രന്മാർപരിഹാസത്തിനുവട്ടം
പരിചിൽക്കുട്ടമങ്ങേറുംകരുതിക്കൊണ്ടുചെല്ലേണം
എനിക്കേതുമബദ്ധങ്ങൾവരികയില്ലൊരോടത്തും
കനക്കേടുംവരുത്തില്ലെന്നനുജന്മാർധരിക്കേണം
അനക്കാതെന്നുടെപിന്നേനടന്നുപോന്നുകൊള്ളേണം
അനർത്ഥമാക്കുമില്ലെന്നാലവമാനംവരാനില്ലാ
ഇത്ഥംപറഞ്ഞുസുയോധനവീരർ
ചിത്തംതെളിഞ്ഞുനടന്നുതുടങ്ങി
ചിത്രപ്പുരത്തിലകത്തുകടന്നു

Digitized By Kerala Sahitya Akademi

ചിത്രപ്പണികളുംകണ്ടുനടന്നു
പാണ്ഡവന്മാരുമദ്രൌപതിതാനും
മണ്ഡപംതന്നിൽകയേറിപതുക്കെ
മാധവനേയുംബലഭദ്രനേയും
മാനിച്ചുനന്ദിച്ചവിടെവസിച്ചു
ദുര്യ്യോധനനുംസഹോദരന്മാരും
ദൂരത്തുനിന്നുവരുന്നതുകണ്ടു
ധർമ്മതനൂജന്റെമാനസംതന്നിൽ
സന്തോഷമേറാംവളർന്നുകിളർന്നു
സമ്മാനത്തിന്നുള്ളവട്ടങ്ങൾകൂട്ടി
സന്തോഷമോടെവസിക്കുന്നനേരം
ദിവ്യസഭതന്നിൽവന്നുകയേറി
ദുര്യ്യനായുള്ളസുയോധനഭ്രപൻ
വെള്ളസ്ഫടികസ്ഥലങ്ങളിലെല്ലാം
വെള്ളമുണ്ടെന്നൊരുശങ്കതുടങ്ങി
ഉള്ളിൽപിളുങ്ങുന്നരത്നങ്ങൾകണ്ടാൽ
തള്ളിയലയ്ക്കുന്നപോരെന്നുതോന്നും
നീരുള്ളിടിക്കെന്നുറച്ചുപതുക്കെ
നീന്തുവാനുള്ളൊരുവട്ടങ്ങൾകൂട്ടി
വിരാളിപ്പട്ടചെരിച്ചുകയറി
വീരൻപതുക്കെപ്പടംകൊണ്ടുതപ്പി
പിമ്പിൽനടക്കുന്നതമ്പിമാരെല്ലാം
മുമ്പിൽനടക്കുന്നേചേട്ടനെപ്പോലെ
ചന്തത്തിനുള്ളൊരുപട്ടുമയത്തി
കന്തിച്ചുകന്തിച്ചുയാത്രയുടനി

Digitized By Kerala Sahitya Akademi

ആപ്രദേശത്തിൽ പതുക്കെക്കടന്നു
അഗ്രഭാഗത്തിങ്കൽ ചെന്നൊരുദേശം
പച്ചനിറമുള്ളരത്നങ്ങളാലേ
മെച്ചത്തിൽ കെട്ടിപ്പടുത്തുവിളങ്ങും
നീരാഴമുള്ളൊരുനീരാഴിതന്നിൽ
തീരത്തുചെന്നകമേറിനാമേന്ദ്രൻ
ജലമേന്തിനിൽക്കുന്നോരാറിന്നിരുമ്പ്യോ
ജലമില്ലെന്നുള്ളത്തിലോർത്തുപതുക്കെ
നലമോടുപൊഴ്ന്നൻകുതിച്ചുചാടി
നിലവിട്ടവെള്ളത്തിൽവീണാശ്വമുങ്ങി
പുഴകംകളഭവുംചാന്തുകേറിയും
കഴകിജലത്തിൽകിടന്നങ്ങുഴമ്പു
മുഴകിയുംപൊങ്ങിയുമങ്ങൊരുടിക്കിൽ
കുഴകിത്തിരിഞ്ഞുതനിച്ചൊരുവീരൻ
വെള്ളംകുടിച്ചുംകിതച്ചുംപതച്ചും
ഉള്ളംചൊടിച്ചുമുരുണ്ടുംപിരണ്ടും
തള്ളിയലച്ചുംവിറച്ചുംവിയച്ചും
തള്ളിപ്പിടിച്ചുംമറിഞ്ഞുംതിരിഞ്ഞും
പാരംവലഞ്ഞുപതുക്കെപ്പതുക്കെ
തീരമണഞ്ഞൊരുടിക്കിൽകരേറി
കണ്ടുവന്നിക്കേവുകോരനപ്പോൾ
രണ്ടുകരങ്ങളുംകൊട്ടിച്ചിരിച്ചു
പണ്ടുനിനക്കൊക്കയർകൊണ്ടുകെട്ടി
കൊണ്ടുകയത്തിൽപിടിച്ചുമറിച്ചു
[illegible]

Digitized By Kerala Sahitya Akademi

ഇങ്ങനെവെള്ളത്തിൽ മുങ്ങീടവേണം
തങ്ങൾചെയ്തീടുംദുരാചാരമെല്ലാം
തങ്ങൾക്കുതന്നെഭവിച്ചീടുമല്ലോ
ശൃംഗാരമോടിനുംകൂട്ടിക്കൊണ്ടുപോയ്
ചങ്ങാതിവന്നെനെൻനീരാഴിതന്നിൽ
മുങ്ങാനവകാശംവന്നുതുകൊള്ളാം
എങ്ങുനിന്നിപ്പോളിവിടേക്കുവന്നു?
നിങ്ങടെരാജ്യത്തിൽവെള്ളംകുടിപ്പാ-
നെങ്ങുമൊരേടത്തുമില്ലായ്കകൊണ്ടോ
ഞങ്ങടെനാട്ടിലെത്തോട്ടിലെവെള്ളം
അങ്ങുള്ളവെള്ളത്തെക്കാൾഗുണമെന്നോ?

ഇത്ഥമോരോപരിഹാസംപറഞ്ഞുഭീമസേനനന്താൻ
ഹസ്തസംഘട്ടനത്തോടെഹസിച്ചുരസിക്കുന്നു
മാനിനിമാർമണിയാളാംദ്രൌപതിയുംകരംകൊണ്ട-
ങ്ങാനനത്തെമറച്ചാശ്രമന്ദഹാസംചെയ്തുമെല്ലെ
നാണവുംകോപവുംപാരംവൈരവുംമാനസംതന്നിൽ
ക്ഷീണവുംദൈന്യവുംപൂണ്ടുനാഗകേതുമഹാരാജൻ
പ്രാണനാശത്തിനെക്കാളുംസങ്കടമിപ്പരിഹാസം
പ്രാണികൾക്കുസഹിക്കാവോന്നല്ലഹാ!ഹാ!മഹാകഷ്ടം
കെട്ടിഞാത്തിയുടുത്തോരുപട്ടമെല്ലാമിട്ടുമുക്കി
മുട്ടുകുത്തിമുഖംതാഴ്ത്തിതോട്ടിൽനിന്നുകരകേറി
കൂട്ടമോടേവസിക്കുന്നോരന്നജന്മാക്കൾതൻമുഞ്ഞി-
കാട്ടുവാനുമെളുതല്ലാലജ്ജകൊണ്ടുമാധികൊണ്ടും
ഇപ്രകാരംവിഷാദിച്ചുധാർത്തരാഷ്ട്രൻതമ്പിമാരും
ക്ഷിപ്രമുണ്ടുഗമിച്ചാനായൊരുമ്പെട്ടുപുറപ്പെട്ടു

Digitized By Kerala Sahitya Akademi

തൽപ്രകാരമറിഞ്ഞൊരുധർമ്മപുത്രൻവിരവോടേ
തൽപ്രദേശത്തേക്കുചെന്നുനല്ലപട്ടംകൊണ്ടുമെല്ലേ
അയ്യോ! കഷ്ടമേനിങ്ങൾക്കീവണ്ണമിതുകാലം
ദുർയ്യോഗംസംഭവിപ്പാനൊട്ടുംസംഗതിപോരാ
അങ്ങുന്നീഭവനത്തിലിന്നിപ്പോൾവരുമെന്നു
ഞങ്ങൾക്കുനിനവില്ലാഭാഗ്യമെന്നതേവേണ്ടൂ
വല്ലാത്തൊരബദ്ധത്തിൽ ചാടിപ്പോയതുകൊണ്ടും
തെല്ലുംകുണ്ഠിതംവേണ്ടാകുരുരാജാത്മജവീര
പട്ടകൊണ്ടുടനീരൻപകർന്നാലുംവിരവോടെ
കട്ടുംസംശയംവേണ്ടടിക്കുലംഞാൻനരാമിപ്പോൾ
ഇങ്ങുള്ളധനമെന്നുംഅങ്ങുള്ളധനമെന്നും
എങ്ങുംഭേദമില്ലല്ലോഭംഗിവാക്കുപറകല്ല
അങ്ങേഅച്ഛനുമെൻറതാതനുംപിതാവേകൻ
അങ്ങോക്കുള്ളസമ്പത്തുരണ്ടുപേർക്കുംസമമല്ലോ
ഇത്ഥമുള്ളയുധിഷ്ഠിരൻറെവിശ്രുതവാക്കുകൾകേട്ടടൻ
ക്രുദ്ധഭാവരസംമറച്ചുപറഞ്ഞുപന്നഗകേതനൻ
പട്ടകെട്ടുകയിൽതരിമ്പുമൊരാശയില്ലനമുക്കേടോ
വെട്ടകൊണ്ടുമരിച്ചിലെങ്കിലതീശ്വരൻറെയനുഗ്രഹം
മുട്ടുതീർത്തുവിടേണമെന്നുഭവാൻറെമനസിമനോരഥം
മുട്ടകൊണ്ടുമുറിഞ്ഞുചാകരുതെന്നിനിക്കുമനോരഥം
സല്ക്കൃതിപ്പതിനായ്ചെന്നഭവാൻറെതമ്പിവൃകോദരൻ
ധിക്കരിച്ചുചതിച്ചതെന്നുമറക്കുമേഷസുയോധനൻ?
ഇക്കടനക്കുപിരിഞ്ഞതെന്നുടെഭാഗ്യമെന്നിഹഞങ്ങളെ
മുക്കുതീർവിടേണമെന്നുകൊതിച്ചിരുന്നുസഹോദരൻ
ശക്രസുതൻപൊരുതുണ്ടുവാക്കുപറഞ്ഞുപോരെണമെന്നഹോ

Digitized By Kerala Sahitya Akademi

ഞാൻസുതനൊരുമോഹമുള്ളതുസാധിയാഞ്ഞതുകുറ്റിതം
ഒക്കെയുംപുനരുപരികഴിവതുമക്കനന്ദനനന്ദന
വെക്കമങ്ങുഗമിക്കഞങ്ങളുമങ്ങുപോവതിനൊട്ടുമേ
കാലതാമസമില്ലയാതുപറഞ്ഞുഞങ്ങൾമഹാമതേ
ചാലവേമമഹസ്തിപത്തനമെത്തിയെന്നുധരിക്കനീ
കാലവാതവലാന്തകാശ്ചികുമാരരാകിനനിങ്ങളും
ലീലയാനിജമന്ദിരത്തിൽവസിച്ചുകൊൾകയഥാസുഖം
നിറഞ്ഞമത്സരമെല്ലാംമറച്ചുകൊണ്ടിപ്രകാരം
പറഞ്ഞുകൈരവനുള്ളിലുറഞ്ഞകോപവുംപൂണ്ടു
നിറക്കേടുംതരക്കേടുംചിതക്കേടുംപതക്കേടും
കനക്കേടുംമനക്കേടുംമതക്കേടുംമടിക്കേടും
കുറഞ്ഞോനല്ലയോ!കഷ്ടംകുരുക്കൾക്കിങ്ങനെമുന്നം
ഒരിക്കാലമെങ്കിലുമുത്തമകപ്പെട്ടിട്ടറിവില്ല
കുറുത്തുവക്രവുംചിത്തംവെറുത്തുദുഷ്പ്രകൃതിയും
കുറുത്തുകുണ്ഠിതമൊട്ടുപൊറുത്തുകൂടുകയില്ല
വളർന്നനാണവുമംഗംതളർന്നവൈരവുമേറെയും
കിളർന്നമാനസമൊന്നുപിളർന്നുപോയതുപോലെ
വകൻവെറ്റിലയുംപാക്കുംനകൻവല്ലികൾചുണ്ടും
ചുകന്നകാൺകയിലാക്കുമകന്നുമോടികളെല്ലാം
നടന്നകാനനമെല്ലാംകടന്നുഗഹസ്തിനഗേഹേ
മടുത്തുചെന്നകംപുക്കുകടുത്തുള്ളോരവമാനം
ക്ഷമിച്ചുതാതനെച്ചെന്നുനമിച്ചുതൻപുരംതന്നിൽ
ഗമിച്ചുഭോഷ്മമാരോടേരമിച്ചുകൈരവശ്രേഷ്ഠൻ
പറവാൻബുദ്ധിയില്ലാത്തപറയൻഞാനിതുമാത്ര-
മറിഞ്ഞൊരുകഥാലേശംപറഞ്ഞെന്നേതേവേണ്ടൂ

Digitized By Kerala Sahitya Akademi

ഗുരുക്കന്മാരടിയനൊറകുറവുകൾപൊറുക്കേണം
നിരക്കുന്നഗുണമിങ്ങുതെരിക്കെന്നുവരുത്തേണം
ഇരിക്കുന്നസഭാവാസിജനമെല്ലാംപ്രസാദിച്ചു
തരക്കേടുവരാതെന്നെതുണയ്ക്കേണംനമസ്കാരം
പരബ്രഹ്മസ്വരൂപശ്രീപരമേശൻമഹാദേവൻ
പരമാത്മംപരംദൈവംപരമാനന്ദസന്ദോഹം
പരമാത്മാവരമിന്നുപരിചോടിങ്ങരുളേണം
പരിതോഷംവരുത്തേണംപരമെന്നൊനികത്തേണം
അമരസേചിതേ!മാത്തുരമരുംശ്രീമഹാഭദ്രേ!
മാതായേ!മഹാമായേ!മമതാവാരിധേ!ദേവി
നമസ്തേലോകമാതാവേ!നമസ്തേനായികേ!നാഥേ
നമസ്തേമൽക്കുലാധാരേ!നമസ്തേമംഗളാകാരേ!

സഭാപ്രവേശം പറയൻതുള്ളൽ സമാപ്തം.

Digitized By Kerala Sahitya Akademi

൧൨. പാഞ്ചാലീസ്വയംവരം.

ഭീമസേനസഹോദരൻഗ്രണശീലശാലിധനഞ്ജയൻ
ഭൂമിപാലമഹാപ്രധാനികളൊക്കെനോക്കിയിരിക്കവേ
ഭീമമാകിനവില്ലെടുത്തുകുലച്ചുലാക്കുമറിച്ചുടൻ
ഭൂമിപാലകരെജ്ജയിച്ചുഥഭീമസേനസഹായവാൻ
ധീമതാംവരനായധർമ്മതനൂജനെപ്രണമിച്ചുടൻ
കാമിനീകുലരത്നമാംദ്രുപദാത്മജാപതിയായവൻ
ധാമമായകുലാലവീട്ടിലകത്തുപുക്കയഥാസുഖം
കോമളാകൃതിസുന്ദരൻനകുലൻതദാസഹദേവനും
അമ്മയാകിയകുന്തിദേവിയുമന്തിനേരമൊരാലയേ
ധർമ്മജാദികൾഭിക്ഷയേറുശരീരപൂത്തികഴിച്ചുടൻ
ചിന്മയനുകിൽവർണ്ണനപ്പൊടുതത്രവന്നഥരാമനും
നന്മമേലിൽവരുംപ്രകാരമശേഷമങ്ങരുൾചെയ്തുടൻ
ദ്വാരകാപുരിനോക്കിയങ്ങുഗമിച്ചുശേഷമശേഷമേ
വീരരയ്യരുമമ്മയുംദ്രുപദൻറെപുത്രിയുമായുടൻ
സൈരമപ്പൊടുകുംഭകാരഗൃഹത്തിലാത്തകുതൂഹലാൽ
ചാരുസൽകഥയുങ്കഥിച്ചരസിച്ചുവാണദശാന്തരേ
ദിഷ്ടതപംപെരുകീടുംധൃഷ്ടദ്യുമ്നനന്നേരം
പെട്ടന്നാക്കുലാലൻറെവീട്ടിൽചെന്നിടംപാർത്തു
കഷ്ടംപാണ്ഡുപുത്രന്മാരിഷ്ടന്മാരിവരെന്നു
ചട്ടറചരിതങ്ങൾകേട്ടനിശ്ചയംപൂണ്ടു
ദൃഷ്ടനായ്പുരംപുക്കശിഷ്ടനാംജനകനോ-
ടിഷ്ടമങ്ങറിയിച്ചുപുഷ്ടകൌതുകത്തോടെ
ഒട്ടുനാമസിക്കാതെകൂട്ടിക്കൊണ്ടുപോരുവാൻ

Digitized By Kerala Sahitya Akademi

വിട്ടതാനുപാദ്ധ്യായശ്രേഷ്ഠനെക്കനിവോടെ
കാതിക്കോനതുനേരംആടിക്കിലെഴുന്നള്ളി
ചോടിച്ചുപരമാത്മംബോധിച്ചുവഴിപോലെ
മോടിച്ചുപുരാണങ്ങൾചാടിച്ചുവസിക്കുമ്പോൾ
ആനകൾകുതിരകൾസേനകൾസചിവന്മാർ
നാനാരാജചിഹ്നങ്ങൾനാനാമാനുഷന്മാരും
മാനിച്ചുകുലാലന്റെസ്ഥാനത്തെപ്രവേശിച്ചു
മാനവവരന്മാരെയാനത്തിൽകരേറിക്കൊ-
ണ്ടാനന്ദകുലന്നാശ്രയാനഞ്ചെയ്തിതുമെല്ലെ
പാർത്ഥിവന്മാരിരിക്കുന്നപള്ളിശ്രാമ്പിമേൽചെന്നു
പാർത്ഥന്മാർകരയേറികൃതാർത്ഥന്മാരിവരെല്ലാം
പാർത്തലാധിപനാകുംപാർഷ്ണതനരേന്ദ്രന്റെറ
കാൽത്തളിർപണിഞ്ഞാശുപാർത്താനാദരവോടേ
കുന്തീനന്ദനന്മാരെക്കണ്ടുഭ്രുപതിപാരം
സന്തോഷിച്ചുവരോടുചോദിച്ചുകനിവോടെ
പഞ്ചസായകൻതാനുഞ്ചുംവിഗ്രഹത്തോടേ
സഞ്ചരിക്കയോനിങ്ങളഞ്ചുപേരുമാരെന്നു
നെഞ്ചിൽസംശയംപാരമഞ്ചാതെപരമാർത്ഥം
എഞ്ചാതുകുമാരന്മാരെന്നോടുപറഞ്ഞാലും
വാഞ്ഛിക്കുന്നതുപോലെവന്നുകൂടുവാനുള്ള
ലാഞ്ഛനംപലതുണ്ടുകാണുന്നുവഴിപോലെ
കുന്തീനന്ദനന്മാരുങ്ങരുക്കില്ലത്തിലുൾപ്പുക്കു
വെന്തുപോയെന്നുകേട്ടുവിഷാദിച്ചുവസിക്കുന്നും
അന്തണനൊരുവനീക്കോടണ്ഡംകുലച്ചുശ്രു
യന്തരത്തമുറിച്ചുതുചിന്തിച്ചാൽചിതംപോരാ

Digitized By Kerala Sahitya Akademi

ഏന്തെന്നുപരമാത്മംതോന്നുന്നില്ലിനിക്കേതും
ചിന്തയിലൊരുവഴിയുറയ്ക്കുന്നില്ലിനിക്കോത്താൽ
ദ്രുപദന്റെറഗിരങ്കേട്ടുപറഞ്ഞുധർമ്മജനപ്പോൾ
നൃപതേ!നീപരമാത്മംഗ്രഹിച്ചാലുംവഴിപോലെ
പനിമതികുലനന്ദനനിൽജനിച്ചപാണ്ഡുഭ്രുപന്റെ
തനയന്മാരടിയങ്ങൾഅവനിവല്ലഭ! സത്യം
അനുജൻഫൽഗ്രനൻവില്ലുകുലച്ചുലാക്കുഖണ്ഡിച്ച
കനിവോടേഗളന്തന്നിലുടനേമാലയുമേറു
കുരുക്കൾഞങ്ങളെക്കൊൽവാനരക്കില്ലുംപണിചെയ്തു
തരക്കേടുവരുത്തുന്നുണ്ടൊരിക്കലെന്നാരുംചൊല്ലീ
ഗ്രുരുക്കന്മാരുടെയുള്ളിലിരിക്കുന്നകൃപകൊണ്ടു
തരക്കേടുവരാതിങ്ങുതെരിക്കെന്നുപോന്നുഞങ്ങൾ
മരിച്ചുഞങ്ങളെന്നോത്തിരിക്കുന്നുരസിക്കുന്നു
ചിരിക്കുന്നുകളിക്കുന്നുകുരുക്കൾനൂറുപേരിപ്പോൾ
ഒരിക്കൽസംഗതിയുണ്ടെന്നിരിക്കലാശംന്മാരെ
അമക്കാമെന്നനുജന്മാരനങ്ങാതെവസിക്കുന്നു
കടുത്തകോപമുൾക്കാമ്പിലമക്കാമെന്നിനിക്കോത്താ-
ലടുത്താലുംക്ഷമിക്കയില്ലടുത്തസാദരൻഭീമൻ
പൊടുക്കെന്നുഗദകയ്യിലെടുക്കുംനൂറുപേരെഞാ-
നൊടുക്കുന്നുണ്ടെന്നുചൊല്ലിനടക്കുംഭീമനന്നേരം
പിടിക്കുംകൈക്കുഞാനുണ്ണിമുടിക്കൊല്ലെന്നുരചെയ്യും
തടുക്കുമായതുകണ്ടാക്കടക്കണ്ണുംചുവന്നിക്കൊ-
ണ്ടടുക്കുംജ്യേഷ്ഠനീവണ്ണമ്മുടക്കുമ്പോളവിവേകം
അടങ്ങുന്നില്ലെന്നുവച്ചുതുടങ്ങുന്നുപണിപ്പെട്ട
മടങ്ങുന്നുമഹാവിരനടക്കമുള്ളിലില്ലുതും

Digitized By Kerala Sahitya Akademi

ഇപ്രകാരം പറഞ്ഞിട്ടുമിപ്പൊഴേതുംഫലമില്ലാ
വിപ്രവേഷംധരിച്ചുകൊണ്ടിപ്രകാരംനടന്നീടും
ഇപ്രദേശത്തിനുവന്നിട്ടിപ്രകാരമനുഷ്ഠിച്ചു-
വിപ്രനെന്നുനടിപ്പുത്രേവിപ്രനല്ലാശരാസനത്തെ
ക്ഷിപ്രമങ്ങുകുലച്ചതുംസൂക്ഷ്മലക്ഷ്യനുറിച്ചതും
ഇപ്രകാരംധർമ്മജന്റെറസുപ്രലാപംകേട്ടനേരം
സൽപ്രസാദാലരുൾചെയ്തിതപ്രമേയൻമഹീപാലൻ
എന്തൊരുവിസ്മയമെന്റെറധർമ്മസൂനോധരിച്ചാലും
അന്തരംഗപ്രകാരത്തിലന്തമില്ലാനിനയുമ്പോൾ
അജ്ഞാനന്നുകൊടുപ്പാനായാഗ്രഹിച്ചുതപംചെയ്തി-
ട്ടിജ്ജനത്തിനൊരുപുത്രിദൈവയോഗാലുളവായി
ദുർജ്ജനങ്ങളൊരുപോലെപാണ്ഡവന്മാർദഹിച്ചെന്ന
ഗർജ്ജനംചെയ്തതുകേട്ടുകുണ്ഠിതംപൂണ്ടിരിക്കുന്ന
